

# ഇടയകന്യകയും രാജകുമാരിയും



# ഉള്ളടക്കം

ആമുഖം........3
അദ്ധ്യായം ഒന്ന്........5
അദ്ധ്യായം രണ്ട്........9
അദ്ധ്യായം മൂന്ന്........14
അദ്ധ്യായം നാല്........20
അദ്ധ്യായം അഞ്ച്........28
അദ്ധ്യായം ആറ്........33
അനുബന്ധം........41

# ആമുഖം

2014-ൽ ആയിരുന്നു "സപ്തഗിരിയിലെ രാജകുമാരി" എന്ന എന്റെ ആദ്യത്തെ ഇറോടിക് നോവെല്ല ഞാൻ എഴുതിയത്. അത് എവിടെയും പ്രസാധനം ചെയ്യുകയുണ്ടായില്ല. അന്ന് ഞാൻ നടത്തിയിരുന്ന ഒരു ബ്ലോഗിന്റെ വായനക്കാരിൽ ചിലർക്ക് അതിന്റെ പിഡിഎഫ് കോപ്പി അയച്ചു കൊടുത്തു എന്നു മാത്രം. ഒൻപതു വർഷങ്ങൾക്കു ശേഷമാണ് ആ വഴിക്കുള്ള എന്റെ ഈ രണ്ടാമത്തെ ഉദ്യമം. "സപ്തഗിരിയിലെ രാജകുമാരി"യുടെ അതേ ലോകത്തിൽ നടക്കുന്ന കഥയാണെങ്കിലും അതിൽനിന്ന് തികച്ചും സ്വതന്ത്രമായ ഒരു ലഘുനോവലാണ് "ഇടയകന്യകയും രാജകുമാരിയും". പേര് സൂചിപ്പിക്കുന്നതു പോലെ ഒരു ലെസ്ബിയൻ പ്രണയത്തിന്റെ കഥയാണിത്. ഏറെ ഗഹനതകൾ ഒന്നും തന്നെയില്ലാത്ത, കേവലം നാൽപ്പതിൽ താഴെ പേജുകളിൽ ഒതുങ്ങുന്ന, ഈ എളിയ സൃഷ്ടി ഞാൻ ഇതാ വായനക്കാർക്ക് സമർപ്പിക്കുന്നു. ഇതിന്റെ രചനയിൽ വളരെ അധികം സഹായകമായ വെട്ടം മാണിയുടെ പുരാണിക് എൻസൈക്ലോപീഡിയ, ലേൺ സാൻസ്ക്രിറ്റ് സംസ്കൃതം നിഘണ്ടു (https://www.learnsanskrit.cc), ഓളം മലയാളം നിഘണ്ടു (https://olam.in) എന്നീ പ്രസിദ്ധീകരണങ്ങൾക്ക് എന്റെ ഹൃദയംഗമമായ നന്ദി അറിയിക്കുന്നു.

22 സെപ്റ്റംബർ 2023
വാത്സ്യായനൻ

# ഇടയകന്യകയും രാജകുമാരിയും

വാത്സ്യായനൻ

# അദ്ധ്യായം ഒന്ന്

ഹരിതാഭയാർന്ന വനപ്രദേശങ്ങളും തലയെടുപ്പാർന്ന പർവതങ്ങളും നൂറുമേനി വിളയുന്ന കൃഷിസ്ഥലങ്ങളും കൊടുംവേനലിൽപ്പോലും കുലംകുത്തിയൊഴുകുന്ന നദികളും ചേർന്ന് ഐശ്വര്യസമ്പൂർണമാക്കിയ ഒരു മഹാജനപദമായിരുന്നു മാഗധം. നീതിയുക്തരും ഭരണനിപുണരുമായ രാജ്ഞീരാജാക്കന്മാരും ക്രാന്തദർശികളായ മന്ത്രിമാരും വിശ്വസ്തരായ രാജസേവകരും ഭരണചക്രം തിരിച്ചിരുന്ന ആ നാട് സന്തുഷ്ടരായ പ്രജാസമ്പത്തിനാൽ സമസ്തഭാരതവർഷത്തിനും അസൂയാപാത്രമായി ശോഭിച്ചു.

മാഗധത്തിലെ ഇപ്പോഴത്തെ രാജ്ഞിയായ കുമുദ്വതീദേവിയുടെയും രാജാവായ വിക്രമസേനന്റെയും ഒരേയൊരു മകളാണ് രാജകുമാരി വൃന്ദ. ഈ കഴിഞ്ഞ വസന്തോത്സവത്തിന് പ്രായപൂർത്തിയെത്തിയ അവളുടെ ബുദ്ധിശക്തിയും ആയോധനപാടവവും അംഗലാവണ്യവും വർണിക്കാൻ പണ്ഡിതരും കവികളും ചിത്രകാരന്മാരും മത്സരിച്ചു. ഐങ്കോൺ മുഖവും നിവർന്ന കട്ടിപ്പുരികങ്ങളും രാജകുമാരിയുടെ മുഖസൗന്ദര്യത്തിനെ ഭാരതത്തിലെ മറ്റനേകം സുന്ദരിമാരിൽനിന്ന് വ്യത്യസ്തമാക്കുന്ന അപൂർവതകളായിരുന്നു.

തലസ്ഥാനനഗരിയായ പാടലീപുത്രത്തിന്റെ ഒത്ത മദ്ധ്യത്തിൽ തലയെടുപ്പോടെ സ്ഥിതി ചെയ്തിരുന്ന രാജകൊട്ടാരം വിശാലവും അതിനെ ചുറ്റിയുള്ള കോട്ടയുടെ വളപ്പ് ഏറെ വിസ്തൃതവും ആയിരുന്നു. എന്നിരുന്നാലും, ഒട്ടനവധി തോഴിമാരുണ്ടായിരുന്നിട്ടു കൂടി, ആ കോട്ടമതിലിനകത്തുള്ള ജീവിതം രാജകുമാരി വൃന്ദയ്ക്ക് പലപ്പോഴും വിരസത സമ്മാനിച്ചിരുന്നു. അത്തരം സന്ദർഭങ്ങളിൽ രാജകുമാരിയുടെ പതിവായിരുന്നു തോഴിമാരോടു കൂടിയോ അല്ലെങ്കിൽ തനിച്ചോ നാടു ചുറ്റാനിറങ്ങുക എന്നത്. അത്തരം യാത്രകളിൽ ഒന്നിലായിരുന്നു രാജകുമാരി തന്റെ മനസ്സു കവർന്ന ആ വനദേവതയെ, പദ്മയെ, കണ്ടുമുട്ടിയത്.

പതിവുള്ള നാട്ടുവഴികളും രാജവീഥികളും വിട്ട് കാനനപാതയിലൂടെയായിരുന്നു അന്ന് വൃന്ദയുടെ സഞ്ചാരം. മന്ദസമീരന്റെ തലോടലേറ്റ്, വനഭംഗിയാസ്വദിച്ചും പക്ഷിമൃഗാദികളുടെ കൂജനവാശനങ്ങൾ കേട്ടും, തന്റെ പ്രിയപ്പെട്ട കുതിരയായ വജ്രപാദന്റെ പുറത്ത് സവാരി ചെയ്തു പോകവേ എങ്ങുനിന്നോ മനോഹരമായ ഒരു വേണുനാദം രാജകുമാരിയുടെ കാതുകളിൽ വന്നു പതിച്ചു.

“നിൽക്കൂ, ചങ്ങാതീ.”

വൃന്ദയുടെ വാക്കുകൾ വജ്രപാദൻ അനുസരിച്ചു. നെറ്റിയിൽ വെളുത്ത ചുട്ടിയുള്ള ആ കറുത്ത കുതിരയെ രാജാവ് രാജകുമാരിയുടെ പതിനഞ്ചാം പിറന്നാളിന് സമ്മാനമായി യവനദേശത്തുനിന്ന് വരുത്തിച്ചതാണ്. അവനോളം ലക്ഷണമൊത്ത മറ്റൊരു കുതിരയെ അന്യദേശങ്ങളിൽ പോലും കാണാൻ കിട്ടാറില്ല എന്നായിരുന്നു ജനസംസാരം.

കുതിരപ്പുറത്തുനിന്ന് പരിചയസമ്പന്നയായ അശ്വാരോഹകയുടെ അനായാസതയോടെ താഴെയിറങ്ങിയ വൃന്ദ പരിസരമാകെ ഒന്നു നിരീക്ഷിച്ചു. ഉൾവനത്തിനോടടുത്ത പ്രദേശമാണ്. കാട്ടിലേക്ക് പുറപ്പെടുമ്പോൾ ഒരു മുൻകരുതലെന്ന നിലയിൽ വജ്രപാദന്റെ ഇടുപ്പിലെ ചേലാകത്തിൽ കരുതിയിരുന്ന വില്ലും ആവനാഴിയും എടുത്ത് ധരിച്ചു. കുതിരയെ ഒരു മരത്തിന്റെ തണലിലേക്ക് മാറ്റി നിർത്തി. വേണുനാദത്തിന്റെ ഉറവിടം ലക്ഷ്യമാക്കി മെല്ലെ നടന്നു. ഒരു കുറ്റിക്കാടിന്റെ മറവു തിരിഞ്ഞപ്പോഴാണ് കണ്ടത്. കഷ്ടിച്ച് ഒരു ഗോരുതം[1] അകലെ ഒരു മാവിൻചുവട്ടിൽ ഓടക്കുഴൽ വായിച്ചുകൊണ്ട് ഇരിക്കുകയാണ് ഒരു പക്ഷേ തന്നോളം പ്രായം വരുന്ന ഒരു പെൺകുട്ടി. അടുത്ത് ഇടയർ ആടുകളെ തെളിക്കാൻ ഉപയോഗിക്കുന്ന ഒരു ഇടയക്കോൽ

[1] ≅ 200 മീറ്റർ

മാവിന്മേൽ ചാരി വെച്ച നിലയിൽ ഇരിപ്പുണ്ട്. തെല്ല് അകലെ മേഞ്ഞു നടക്കുന്ന ആട്ടിൻപറ്റം ശ്രദ്ധയിൽ പെടില്ലായിരുന്നു; അവറ്റയുടെ പൊടുന്നനെയുണ്ടായ ഭയന്നുള്ള നിലവിളി കേട്ടില്ലായിരുന്നെങ്കിൽ. നോക്കുമ്പോഴുണ്ട് കൂട്ടത്തിൽ തടിച്ച ഒരാടിന്റെ കഴുത്തിൽ പിടികൂടിയിരിക്കുകയാണ് കൂറ്റനൊരു ചെന്നായ!

വില്ല് കുലച്ചതും അമ്പ് തൊടുത്ത് അയച്ചതും സ്വയം അറിയാതെയെന്നതു പോലെ ആയിരുന്നു. ഒരു ക്ഷണത്തിനുള്ളിൽ എല്ലാം കഴിഞ്ഞു. കഴുത്തിൽത്തന്നെ അമ്പേറ്റ ചെന്നായ ഇരയെ വിട്ട് പ്രാണനുംകൊണ്ട് ഓടി. ബഹളം കേട്ട് പാട്ടു നിർത്തി എഴുന്നേറ്റ വേണുഗായിക, എവിടെനിന്നെന്നറിയാതെ പ്രത്യക്ഷപ്പെട്ട ഈ വില്ലാളിയെത്തന്നെ സാകൂതം നോക്കി നിൽപ്പാണ്. ആട്ടിൻപറ്റം അവളുടേതായിരിക്കുമെന്നു തോന്നുന്നു. പക്ഷേ ചെന്നായകളേ ഇല്ലാത്ത ഈ ഭാഗത്തെ കാട്ടിൽ ഇങ്ങനെയൊരു ഭീമൻ ചെന്നായ എവിടെനിന്നു വന്നു? ആ വിഷയം പിന്നീട് ആലോചിക്കാൻ വേണ്ടി മാറ്റി വെച്ച് വൃന്ദ ചുണ്ടിൽ ഒരു മന്ദസ്മിതത്തോടെ ആ പാട്ടുകാരിയുടെ അടുത്തേക്ക് ചെന്നു.

"നന്നായി ഓടക്കുഴൽ വായിക്കുന്നുണ്ടല്ലോ!"

"നന്ദി." വേണുഗായികയുടെ കവിളിൽ തെല്ലൊരു നാണത്തുടുപ്പ് തെളിഞ്ഞോ? "എന്റെ ആടിനെ രക്ഷിച്ചതിനും", അവൾ കൂട്ടിച്ചേർത്തു.

വൃന്ദ ആ പെൺകുട്ടിയെ ആപാദചൂഡം നോക്കി. സുന്ദരി എന്നു പറഞ്ഞാൽപ്പോരാ. അതിസുന്ദരി എന്നു വേണം വിളിക്കാൻ. കൊലുന്നനെയുള്ള ശരീരത്തിൽ ഉരുണ്ട ജഘനവും മാറിടവും ചേരുമ്പോൾ ഏതോ അനുഗ്രഹീതകലാകാരന്റെ ഭാവനയിൽ ജനിച്ച ശില്പം പോലെ! എണ്ണക്കറുപ്പാർന്ന അവളുടെ ചർമ്മത്തിന് താമരയിലയുടെ മിനുസമുണ്ടെന്ന് തോന്നി. വെളുത്ത നിറത്തിനാണ് സൗന്ദര്യമെന്നു പറയുന്ന വിഡ്ഢികൾക്ക് ഇവളെ കാണിച്ചുകൊടുക്കണം. അണ്ഡാകൃതിയിലുള്ള മുഖം. കൂർത്ത താടി. ഉയർന്ന നാസിക. വിടർന്ന കരിങ്കുവളക്കണ്ണുകളിലെ നേരിയ പരിഭ്രമഭാവം ആ മുഖത്തിന് എന്തെന്നറിയാത്ത ഒരു കാൽപനികചാരുത നൽകുന്നു. അരയോളമെത്തുന്ന ആ നീളൻ മുടിയിഴകൾക്ക് എന്തൊരു നിബിഡതയാണ്! ആരാണ് ഇവൾ — ഒരു ദേവകന്യകയോ?

"എന്തേ, നോക്കുന്നത്?" പെട്ടെന്നുള്ള ആ ചോദ്യം വൃന്ദയെ ചിന്തയിൽനിന്ന് ഉണർത്തി.

"ഒന്നുമില്ല — എന്താണ് കുട്ടിയുടെ പേര്? വീട് എവിടെയാണ്?"

"കുട്ടിയോ?" അവൾ തെല്ലൊന്ന് ചിരിച്ചു. "ഞാൻ കുട്ടിയൊന്നുമല്ല; ഞാൻ പദ്മ. എന്റെ വീട് ഇവിടുന്ന് അല്പം ദൂരെയാണ്. താമ്രശിഖയിൽ. ഇവിടെ ആടുകളെ മേയ്ക്കാനും തനിച്ചിരിക്കാനും വേണ്ടി വന്നതാണ്. കുട്ടി ആരാണ്? എവിടെനിന്ന് വരുന്നു?"

തന്നെ തിരിച്ചും "കുട്ടീ" എന്നു സംബോധന ചെയ്ത അവളുടെ കുസൃതി വൃന്ദയ്ക്ക് ഇഷ്ടപ്പെട്ടു. ഈ സുന്ദരിക്കുട്ടിയെ ഒന്നു പറ്റിക്കാൻ തന്നെ അവൾ നിശ്ചയിച്ചു.

"ഞാൻ കീർത്തി. പാടലീപുത്രത്തെ രത്നവ്യാപാരിയായ അമരസിംഹന്റെ മകൾ. ഞാനും കുട്ടിയല്ല; പേരു വിളിച്ചാൽ മതിയാകും." ചിരിച്ചുകൊണ്ട് അവൾ പറഞ്ഞു.

"വ്യാപാരിയുടെ മകൾ അമ്പും വില്ലും കൊണ്ട് കളിക്കുന്നു അല്ലേ, കൊള്ളാമല്ലോ!" ആത്മഗതം പോലെയാണ് പദ്മ പറഞ്ഞത്.

"എന്തു പറയാനാണ് പദ്മേ, ഇടയക്കോലും ഓടക്കുഴലും കൊണ്ട് കളിക്കാനുള്ള കഴിവ് എല്ലാവർക്കും കിട്ടില്ലല്ലോ!"

“ഉവ്വ്വ്, എത്ര ചെന്നായ്ക്കളെയും സിംഹങ്ങളെയുമാണ് ഞാനീ ഓടക്കുഴൽ പ്രയോഗിച്ച് വീഴ്ത്തിയിരിക്കുന്നതെന്ന് അറിയുമോ!”

“ഓ അതെയോ? ആൾ നിസ്സാരക്കാരി അല്ലല്ലോ!”

“ശ്ശോ, എല്ലാവരും ഇങ്ങനെയാണെന്നേ പറയുന്നത്! ഇപ്പോൾ ഇതാ നീയും, കീർത്തി.”

ഹൃദയംഗമമായ ഒരു മൃദുസ്മേരം മാത്രമായിരുന്നു അതിന് വൃന്ദയുടെ മറുപടി. മാഗധത്തിലെ രാജകുമാരിയെ “നീ” എന്ന് രാജ്ഞിയും രാജാവും അല്ലാതെ ഒരാൾ ആദ്യമായി സംബോധന ചെയ്യുകയാണ്. അതിന്റെ കൗതുകത്തിൽ അവൾ പദ്മയെ നോക്കി നിന്നു. ആദ്യമായി തന്നെ തുല്യയായി കാണുന്ന ഒരാൾ ഇതാ!

ആ നോട്ടത്തിന്റെയും നിൽപ്പിന്റെയും അർഥം പദ്മയ്ക്ക് മനസ്സിലായില്ല. അവൾ മറ്റൊരു വിഷയം ആലോചിക്കുകയായിരുന്നു.

“ഈ ദിക്കിലെങ്ങും കാട്ടിൽ ചെന്നായ്ക്കളില്ലായിരുന്നു, ഇതു വരെ. പിന്നെ ഇപ്പോഴീ തടിയൻ ചെന്നായ എവിടെനിന്നു വന്നു എന്നാണ് കീർത്തീ, എനിക്ക് അദ്ഭുതം.”

“അതു തന്നെ ഞാനും ഓർത്തു. ഒരു പക്ഷേ കിഴക്കൻ കാടുകളിൽ ഇര കിട്ടാതെ വന്നപ്പോൾ അവിടെനിന്ന് ഇങ്ങോട്ടു കടന്നതാവാം. അങ്ങനെയെങ്കിൽ ആട്ടിടയത്തികൾ സൂക്ഷിക്കണം, കേട്ടല്ലോ പദ്മേ? ഇപ്പോൾ വന്ന ആ ജന്തു എന്തായാലും ഒരു നാഴിക ദൂരം തികച്ചു പോകാനിടയില്ല, അത്ര മാരകമായ മുറിവാണ് അതിനേറ്റിരിക്കുന്നത്.”

പദ്മ ചിന്തയിൽ മുഴുകി നിന്നു.

“ഞാൻ പോകട്ടെ. ആടുകളെയുംകൊണ്ട് മടങ്ങുകയോ വേണുഗാനം തുടരുകയോ ഒക്കെ നിന്റെ ഇഷ്ടം. ഇനിയും ഈ വഴി വരുകയാണെങ്കിൽ ഒരു പക്ഷേ, കാണാം.” കീർത്തി പറഞ്ഞു.

“അങ്ങനെയാവട്ടെ കീർത്തീ, തത്കാലം ഞാനും ആടുകളെക്കൂട്ടി തിരികെ പോവുകയാണ്. ഏതായാലും ഇനി മേൽ കുറ്റിക്കാടുകൾ ഒഴിവാക്കാൻ തീരുമാനിച്ചു. വടക്ക് പുൽമേടുകളുള്ള ഭാഗത്ത് എവിടെങ്കിലും കാണും ഞാനും, എന്റെയീ പ്രജകളും, പിന്നെ എന്റെയീ ചെങ്കോലും.” മാവിന്മേൽ ചാരി വെച്ചിരുന്ന ഇടയക്കോൽ എടുത്ത് ഗൗരവഭാവത്തിൽ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പദ്മയുടെ പറച്ചിൽ കേട്ട് വൃന്ദയ്ക്ക് ചിരി പൊട്ടി.

# അദ്ധ്യായം രണ്ട്

വൃന്ദയ്ക്ക് പതിനാറ് വയസ്സുള്ളപ്പോൾ ആയിരുന്നു അവൾക്ക് ജീവലമഹർഷിയുടെ ശാപമേൽക്കാൻ ഇടയാക്കിയ ആ സംഭവം. അനുചരസംഘത്തോടൊപ്പം കാട്ടിൽ മൃഗയാവിനോദത്തിൽ ഏർപ്പെടുകയായിരുന്നു വൃന്ദ. അവളയച്ച അമ്പുകൊണ്ട് മുറിവേറ്റ ഒരു കരിമ്പുലി മഹർഷിയുടെ ആശ്രമത്തിലേക്കാണ് ഓടിക്കയറിയത്. ക്രുദ്ധനായ ആ ജന്തു കൺമുന്നിൽക്കണ്ട ഒരു പശുക്കുട്ടിയെ അടിച്ചുകൊന്നു. പിന്നാലെയെത്തിയ വൃന്ദ തുടരെത്തുടരെ അസ്ത്രങ്ങളയച്ച് പുലിയെ വധിച്ചു. പക്ഷേ ആശ്രമത്തിലെ പശുക്കുട്ടിയുടെ മരണത്തിന് കാരണക്കാരിയായതിനാൽ വൃന്ദയെ മുൻകോപിയായ ജീവലൻ ശപിച്ചു; അവൾക്ക് മംഗല്യയോഗം ഉണ്ടാകാതെ പോകട്ടെ എന്ന്.

ശാപമോക്ഷത്തിന് അപേക്ഷിച്ച വൃന്ദയുടെ മുഖത്തു നോക്കാൻ പോലും അദ്ദേഹം കൂട്ടാക്കിയില്ല. മകൾക്കു വേണ്ടി പിന്നീട് കുമുദ്വതീവിക്രമസേനന്മാർ നേരിട്ടു ചെന്ന് അഭ്യർഥിച്ചപ്പോൾ അദ്ദേഹം അരുൾ ചെയ്തത് ഇപ്രകാരമായിരുന്നു: "കൂട്ടിലെ പാടാത്ത പഞ്ചവർണക്കിളിക്ക് പാട്ട് തിരികെക്കൊടുത്താൽ രാജകുമാരിക്ക് ശാപമുക്തി ലഭിക്കും." ഈ കടങ്കഥയുടെ അർഥമെന്തെന്ന് അദ്ദേഹം പറഞ്ഞില്ല; ജീവലമഹർഷിയുടെ സ്വഭാവം ശരിക്ക് അറിയാവുന്നതിനാൽ ആരും അദ്ദേഹത്തിനോട് അത് ചോദിച്ചുമില്ല.

വൃന്ദ പദ്മയെ കണ്ടുമുട്ടുകയും കീർത്തി എന്ന പേരിൽ സ്വയം പരിചയപ്പെടുത്തുകയും ചെയ്യുമ്പോൾ പ്രസ്തുതസംഭവം നടന്നിട്ട് ഏകദേശം ഒന്നര വർഷം കഴിഞ്ഞിരുന്നു. ശാപത്തിന്റെ വിഷയം രാജകുടുംബാംഗങ്ങളുടെ മനസ്സിൽ ഒരു നീറ്റലായി നിലനിന്നിരുന്നെങ്കിലും അതിനെപ്പറ്റി അവർ ഓർക്കുന്ന സന്ദർഭങ്ങൾക്കിടയിലെ ഇടവേളകൾ കാലക്രമേണ വർദ്ധിച്ചു വന്നു. വൃന്ദ തന്നെ അക്കാര്യം ഏതാണ്ട് മറന്നുകളഞ്ഞ മട്ടാണ്.

ഏതാനും ദിവസങ്ങൾക്കു ശേഷമായിരുന്നു അവരുടെ രണ്ടാമത്തെ കൂടിക്കാഴ്ച. പതിവുപോലെ വജ്രപാദനുമൊന്നിച്ച് ചുറ്റിക്കറങ്ങാൻ ഇറങ്ങിയപ്പോഴാണ് വൃന്ദയ്ക്ക് ഓടക്കുഴൽ വായിക്കുന്ന കാനനസുന്ദരിയെ ഓർമ്മ വന്നത്. വനവീഥിയിലേക്ക് തിരിയാൻ കുതിരയ്ക്ക് രാജകുമാരി നിർദ്ദേശം കൊടുത്തു. പുൽമേടുകൾക്ക് അരികിൽ എത്തിയപ്പോൾ വീണ്ടും ആ മധുരനാദം കേൾക്കുമാറായി. വജ്രപാദനെ ഒളിപ്പിച്ചു നിർത്തിയിട്ട് വൃന്ദ പദ്മയുടെ അടുത്തേക്ക് ചെന്നു. ഒരു മരത്തിന്റെ തടിച്ച വേരിന്മേലിരുന്നാണ് അജപാലികയുടെ കലോപാസന. ഒച്ചയുണ്ടാക്കാതെ പമ്മിപ്പമ്മി പദ്മയുടെ പിന്നിൽ ചെന്ന് കൈത്തലങ്ങളാൽ അവളുടെ കണ്ണുകൾ പൊത്തിപ്പിടിച്ചു.

ആദ്യം ഒന്നു പരിഭ്രമിച്ചെങ്കിലും ഉടൻ തന്നെ പദ്മയുടെ ചൊടികളിൽ ഒരു മൃദുസ്മേരം വിരിഞ്ഞു.

"കീർത്തിയല്ലേ?"

"എങ്ങനെ മനസ്സിലായി?" കീർത്തി അഥവാ വൃന്ദയ്ക്ക് അദ്ഭുതം.

"നിന്റെ ആ ഉപഗന്ധത്തിന്റെ[2] സൗരഭ്യം എനിക്ക് അറിയില്ലേ മോളേ!"

കീർത്തി പിടി വിട്ട് പദ്മയുടെ മുൻപിൽ ചെന്നു നിന്നു.

"എന്നെയും മുരളി വായിക്കാൻ പഠിപ്പിക്കൂ." അവൾ ആവശ്യപ്പെട്ടു.

---

[2] പെർഫ്യൂം

“വെറുതെയൊന്നും പറ്റില്ല. പ്രതിഫലം വേണം.”

“അതു ശരി, പ്രതിഫലം ഇല്ലാതെ ഒരു ഏർപ്പാടും ഇല്ല, അല്ലേ! വണിക്കിന്റെ മകൾ ഞാനോ അതോ നീയോ?”

“അക്കാര്യത്തിൽ സംശയം ഉണ്ടെങ്കിൽ … .” പദ്മ അർദ്ധോക്തിയിൽ നിർത്തി.

“ഉണ്ടെങ്കിൽ … ?” കീർത്തി പുരികക്കൊടികളുയർത്തി.

“മ്ച്ചും.” പദ്മ ഒരു നിഗൂഢസ്മിതത്തോടെ ചുമലുകൾ കൂച്ചി. കീർത്തിക്ക് അവളുടെ ദുസ്സൂചന മനസ്സിലായി. “എടീ വൃത്തികെട്ടവളേ … .” പദ്മയുടെ മേലേക്ക് ചാടി വീണ് കീർത്തി അവളെ ഇക്കിളികൾകൊണ്ട് ആക്രമിച്ചു. പദ്മ തിരിച്ച് കീർത്തിയെയും. കെട്ടിപ്പിടിച്ചുരുണ്ടുമറിഞ്ഞ് ഏതാനും നിമിഷങ്ങൾ നീണ്ടുനിന്ന അംഗുലീയുദ്ധത്തിന് ഒടുവിൽ ചിരിച്ചു വശംകെട്ട് എണീറ്റിരിക്കുമ്പോൾ അവരുടെ വസ്ത്രങ്ങൾ അവിടവിടെയായി സ്ഥാനം മാറിക്കിടന്നിരുന്നു. പാവാട നേരെയാക്കി വലത്തേ തുട മറയ്ക്കാൻ കീർത്തി അസാധാരണമായ തിടുക്കം കാണിച്ചതുപോലെ പദ്മയ്ക്കു തോന്നി. പദ്മയാകട്ടെ സ്വന്തം ശരീരത്തിനെക്കുറിച്ച് ശ്രദ്ധിച്ചതേയില്ല. അടുത്തുള്ളയാൾ പെണ്ണല്ല ആണായിരുന്നാലും തനിക്ക് വലിയ നാണത്തിന്റെയൊന്നും ആവശ്യമില്ല എന്നതാണ് അവളുടെ നിലപാട്.

“എന്നെ അമ്പെയ്യാൻ പഠിപ്പിച്ചാൽ ഞാൻ നിന്നെ മുരളി വായിക്കാനും പഠിപ്പിക്കാം.” കിതച്ചുകൊണ്ട് പദ്മ പറഞ്ഞു.

“ശരി, കച്ചവടം ഉറപ്പിച്ചു!” — കീർത്തി.

“വണിക്കിന്റെ മോളേ … .” പദ്മയുടെ ആ വിളി അടുത്ത ഇക്കിളിക്കലഹത്തിന്റെ തുടക്കമായി.

അങ്ങനെ കീർത്തി പദ്മയെ അമ്പെയ്ത്തു പഠിപ്പിക്കാൻ തുടങ്ങി. പകരം ഓടക്കുഴൽ വായിക്കാൻ പദ്മ കീർത്തിയെയും.

---

കീർത്തി: “അങ്ങനെയല്ല, കാലുകൾ അല്പം കൂടി, തോളൊപ്പം, അകത്തി വേണം നിൽക്കാൻ.”

~~~

പദ്മ: “മുരളി അത്രയും താഴോട്ടു ചെരിച്ച് പിടിക്കേണ്ട; അത് ഭൂമിയ്ക്കു സമാന്തരമായി വരട്ടെ.”

~~~

കീർത്തി: “അസ്ത്രങ്ങൾ സ്ത്രീജാതി, പുരുഷജാതി, നപുംസകജാതി എന്നിങ്ങനെ മൂന്നു വിധം ഉണ്ട്.”

~~~
~~~

പദ്മ: "താഴ്ന്ന ശ്രുതിയ്ക്ക് ചുണ്ടുകൾ നന്നായി അകത്തി പതിയെ ഊതണം. ചുണ്ടുകൾ വളരെ കുറച്ച് മാത്രം അകത്തി ശക്തിയിൽ ഊതുമ്പോൾ ശ്രുതിയും ഉച്ചസ്ഥായിയിൽ എത്തും."

---

മിക്കവാറും പുൽമേട്ടിലോ നദീതീരത്തോ വെച്ച് ആയിരുന്നു അവരുടെ സമാഗമങ്ങൾ; കൊടുങ്കാടിനോട് അടുത്ത പ്രദേശങ്ങൾ അന്നത്തെ ചെന്നായയുടെ ആക്രമണത്തിനു ശേഷം പദ്മ ഒഴിവാക്കിയിരുന്നു. ആടുകളെ നോക്കാൻ പദ്മയ്ക്കു കൂട്ടിന് മിക്കവാറും അവളുടെ നായ ശകുനിയും ഉണ്ടാവും. പദ്മ ഒപ്പമില്ലെങ്കിൽ പോലും ആട്ടിൻപറ്റത്തെ തെളിച്ചുകൊണ്ടു നടക്കാനും തിരികെ വീട്ടിൽ കൊണ്ടാക്കാനും സമർഥനായിരുന്നു ശകുനി.

പദ്മ കീർത്തിയെ വാഴക്കുമ്പിലെ തേനെടുക്കാനും വെള്ളത്തിനു മീതെ കല്ലു പാളിക്കാനും പഠിപ്പിച്ചു. കീർത്തി തന്റെ മുത്തശ്ശിയായ താരാദേവിയുടെ അടുക്കൽനിന്ന് പഠിച്ച നൂറുകണക്കിന് കടങ്കഥകൾ പദ്മയെയും. കടങ്കഥകൾ കൈമാറുന്നതിന് തലമുറകൾ പിൻതുടർന്ന ആ അലിഖിതനിയമത്തെ അനുസരിച്ച് കീർത്തി ഓരോന്നും ആദ്യം പദ്മയോടു ചോദിച്ച് അവളെ കടം കുടിപ്പിച്ചു കഴിഞ്ഞാണ് ഉത്തരം പറഞ്ഞു കൊടുക്കുക. ബുദ്ധിമതി എന്ന് സ്വയം അഭിമാനിക്കുന്ന പദ്മ തോറ്റുകൊടുക്കാൻ മനസ്സില്ലാതെ, അത് ഇനി ദിവസങ്ങളോളം സമയമെടുത്ത് ആയാൽ കൂടി, ഉത്തരങ്ങൾ കണ്ടെത്തും; മിക്കവാറും അവ അബദ്ധങ്ങൾ ആയിരിക്കുകയും ചെയ്യും.

കീർത്തിയുടെ ചോദ്യം: "കിലുകിലുക്കം കിക്കിലുക്കം; ഉത്തരത്തിൽ ചത്തിരിക്കും."

പദ്മയുടെ ഉത്തരം: "പല്ലി!"

പാവം കീർത്തി തലയ്ക്ക് കൈ കൊടുത്ത് ഇരുന്നു പോകും.

പിന്നീടൊരിക്കൽ കീർത്തി പദ്മയോട് മറ്റൊരു കടങ്കഥ ചോദിച്ചു:

"കയത്തിൽ മുങ്ങും തുമ്പിക്കൈ
ഉയർന്നു താഴും തുമ്പിക്കൈ
നീരു തളിക്കാൻ നീളും കൈ
വേല കഴിഞ്ഞാൽ ചൊട്ടും കൈ!"

പദ്മ കുറേ നേരം ആലോചിച്ചു. ഒടുവിൽ അവളുടെ മുഖത്ത് "സംഗതി പിടികിട്ടി" എന്ന ഭാവത്തിൽ ഉള്ള ഒരു കുസൃതിച്ചിരി തെളിഞ്ഞു. ആ തിരുവായിൽനിന്ന് വരാൻ പോകുന്ന മണ്ടത്തരം താങ്ങാൻ തനിക്ക് ശക്തി തരണേ എന്ന് കീർത്തി കുലദേവതയായ ഷഷ്ഠീദേവിയോട് പ്രാർഥിച്ചു.

"ഈ സാധനമല്ലേ?" നടുവിരൽ മടക്കി മടിയിടുക്കിൽ വെച്ചു കാണിച്ചുകൊണ്ടാണ് പദ്മയുടെ ചോദ്യം.

"ഹൊ! എടീ കുട്ടിക്കുരങ്ങേ, ഞാനുദ്ദേശിച്ചത് വെള്ളം കോരുന്ന ഏത്തമാണ്! എന്നാലും നീയിതെങ്ങനെ സാധിക്കുന്നു?"

"ഓ, അതായിരുന്നോ! ഞാൻ വല്ലാതെ തെറ്റിദ്ധരിച്ചു … ." പദ്മ കുടുകുടെ ചിരിക്കുകയാണ്. കീർത്തിയ്ക്കും ചിരി അടക്കാൻ കഴിഞ്ഞില്ല. മാലപ്പടക്കം പോലെ നീണ്ടുനിന്ന ഇരുവരുടെയും ചിരിമേളാങ്കത്തിന് ഒടുവിൽ പദ്മ പറഞ്ഞു:

“ശരിക്കും ആണുങ്ങളുടേതു പോലത്തെ ആ സാധനമുണ്ടെങ്കിൽ എന്തു സുഖമായേനേ, അല്ലേടീ? നിന്നുകൊണ്ട് മൂത്രമൊഴിക്കാൻ പറ്റുമല്ലോ. ദൈവത്തിനെ തപസ്സു ചെയ്ത് അടുത്ത ജന്മത്തിൽ ഒരാണായി ജനിപ്പിക്കാൻ പറയണം.”

“ഏതായാലും തപസ്സു ചെയ്യുകയല്ലേ, എങ്കിൽപ്പിന്നെ എന്തിന് അടുത്ത ജന്മം? ഈ ജന്മത്തിൽത്തന്നെ ആക്കാൻ പറയാമല്ലോ.”

“ഏയ്, അതു വേണ്ട. ഈ ജന്മത്തിൽ എനിക്ക് പെണ്ണായിട്ടു തന്നെ ജീവിച്ചാൽ മതി. അടുത്ത ജന്മത്തിൽ വേണമെങ്കിൽ ആണാകുന്നതിന് വിരോധമില്ല.” പദ്മ ഒരു നിമിഷം എന്തോ ചിന്തിക്കുന്നതു പോലെ കീർത്തിയുടെ മുഖത്തേക്ക് ഉറ്റു നോക്കി നിന്നു. “അല്ലെങ്കിൽ … ഈ ജന്മം തന്നെ ആണാകുകയാണെങ്കിൽ നിന്നെ എനിക്ക് വിവാഹം കഴിക്കാമായിരുന്നു, അല്ലേ?”

കീർത്തിയ്ക്ക് ഉള്ളിൽ കുളിരു കോരിയിടുന്നതുപോലെ തോന്നി. പക്ഷേ അതു മറച്ചു വെച്ച് ഇങ്ങനെയാണ് അവൾ മറുപടി പറഞ്ഞത്:

“ആഹാ, നല്ല രഞ്ജിപ്പിക്കലാണല്ലോ ഇന്ന്. എന്തു വരമാണു വേണ്ടത്, വത്സേ?”

കീർത്തിയുടെ അടുത്തേക്കു ചെന്ന് പദ്മ അവളുടെ മുഖം കൈകളിൽ കോരിയെടുത്തു.

“അല്ല കുട്ടാ, നിന്നെയെനിക്ക് ശരിക്കും ഭയങ്കര ഇഷ്ടമാണെന്നേ. എന്റെ മറ്റുള്ള കൂട്ടുകാരികളെല്ലാവരെക്കാളും ഏറെയിഷ്ടം. ശ്യാമയെക്കാളും, നന്ദിനിയെക്കാളും, സുമതിയെക്കാളും, ജയയെക്കാളുമൊക്കെ ഒത്തിരിയേറെ.”

കണ്ണു നിറയാതെയിരിക്കാൻ മാഗധത്തിന്റെ രാജകുമാരിക്ക് ഏറെ പണിപ്പെടേണ്ടി വന്നു. തന്റെ മിഴികളിലേക്ക് ഉറ്റു നോക്കുന്ന ആ നക്ഷത്രക്കണ്ണുകളെ നേരിടാൻ പറ്റാതെ അവൾ പദ്മയുടെ കൈകൾ തട്ടി മാറ്റി എണീറ്റ് ഒറ്റയോട്ടം.

“നീ പോടീ കുട്ടിക്കുരങ്ങേ, ചൊറിത്തവളേ, ഈനാമ്പേച്ചീ … .” ഓടുന്നതിന് ഇടയിൽ കീർത്തി വിളിച്ചു കൂവി. ആർത്തു ചിരിച്ചുകൊണ്ട് പദ്മ അവൾക്കു പിന്നാലെ പാഞ്ഞു.

# അദ്ധ്യായം മൂന്ന്

"ഈ ഒരീണമാണോ പദ്മേ, നിനക്ക് ഏറ്റവും ഇഷ്ടം?"

തങ്ങളുടെ സ്ഥിരം സംഗമവേദിയായിത്തീർന്നിരുന്ന ആൽമരത്തണലിൽ കൂട്ടുകാരിയുടെ മടിയിൽ തല വെച്ച് കിടന്നുകൊണ്ടായിരുന്നു കീർത്തിയുടെ ചോദ്യം. മിക്കവാറും ദിവസങ്ങളിൽ പദ്മ ഓടക്കുഴലിൽ വായിക്കാറുള്ള ആ ഈണം ഇന്നും ആവർത്തിച്ചപ്പോഴായിരുന്നു അത്. ഇപ്പോൾ അവരുടെ ആദ്യസമാഗമത്തിനു ശേഷം മൂന്ന് മാസത്തോളം ആകുന്നു. ഈ സമയത്തിനിടയിൽ അവർ പരസ്പരം ആത്മമിത്രങ്ങൾ ആയിത്തീർന്നിരുന്നു.

ഓടക്കുഴൽ വായന നിർത്തി പദ്മ കീർത്തിയുടെ കണ്ണുകളിൽ നോക്കി. അവളുടെ മുഖത്ത് ഒരു വിഷാദച്ഛവി കലർന്നത് മനസ്സിലാക്കിയ കീർത്തി എണീറ്റിരുന്നു.

"ഇത് എന്റെ അമ്മ പഠിപ്പിച്ച ഈണമാണ്."

തന്റെ അച്ഛൻ താമ്രശിഖയിലെ അജപാലകരായ ജിഷ്ണുതവംശത്തിൽ പെട്ട പുരോവസു ആണെന്നും തനിക്ക് അമ്മ ഇല്ലെന്നും പദ്മ കീർത്തിയോട് ഒരിക്കൽ പറഞ്ഞിട്ടുണ്ടായിരുന്നു. പദ്മയെ വിഷമിപ്പിക്കേണ്ട എന്നു കരുതി പിന്നീട് കീർത്തി അവളുടെ അമ്മയെക്കുറിച്ച് കൂടുതൽ ഒന്നും ചോദിച്ചിരുന്നില്ല. ഇപ്പോൾ അതിന് അനുയോജ്യമായ സാഹചര്യമാണെന്ന് അവൾക്കു തോന്നി.

"എന്തായിരുന്നു അമ്മയുടെ പേര്?"

"സുജാത." ഒന്നു നിർത്തി വിദൂരതയിലേക്കു മിഴികൾ നട്ട് ഏതാനും നിമിഷം ഇരുന്നിട്ടാണ് പദ്മ തുടർന്നത്. "സുന്ദരിയായിരുന്നു അമ്മ. ആ സൗന്ദര്യമാണ് അമ്മയ്ക്കു ശാപമായതും. എന്റെ അമ്മാവൻ, അമ്മയുടെ ജ്യേഷ്ഠൻ ജയകാന്തൻ, നഗരാതിർത്തിയിൽ ഒരു സത്രം നടത്തിയിരുന്നു. ഒരിക്കൽ അമ്മാവന് നഗരത്തിന് പുറത്തു പോകേണ്ട സാഹചര്യം വന്നപ്പോൾ അദ്ദേഹം ആവശ്യപ്പെട്ടിട്ട് അമ്മ കുറച്ചു ദിവസത്തേക്ക് സത്രം നോക്കി നടത്താൻ പോയി. അന്ന് അവിടെ വന്ന ഉഗ്രകർമ്മാവ് എന്നൊരു മാന്ത്രികൻ ഭർതൃമതിയും സന്താനവതിയും ആണെന്നു പോലും നോക്കാതെ അമ്മയോട് വിവാഹാഭ്യർഥന നടത്തി. അമ്മ അയാളുടെ ഇംഗിതം നിഷേധിച്ചതിന്റെ പകയിൽ ഉഗ്രകർമ്മാവ് സത്രത്തിലെ താമസം കഴിഞ്ഞ് മടങ്ങിപ്പോകുമോൾ അമ്മയെ ഒരു പഞ്ചവർണക്കിളിയാക്കി മാറ്റി കൂട്ടിൽ ഇട്ടടച്ച് കൊണ്ടുപോയി."

കീർത്തി ആശ്ചര്യത്തോടെ പദ്മയുടെ മുഖത്തേക്ക് ഉറ്റു നോക്കി ഇരിക്കുകയായിരുന്നു. അവളെ നോക്കി പദ്മ ഒന്നു വിവർണമായി മന്ദഹസിച്ചു.

"അയാൾ എവിടെനിന്നു വന്നെന്നോ എവിടെപ്പോയെന്നോ ആർക്കും അറിയില്ല. ഒരു പക്ഷേ എന്നെങ്കിലും എപ്പോഴെങ്കിലും അയാളുടെ തടവിൽനിന്ന് എന്റെ അമ്മ രക്ഷപെട്ടിട്ടുണ്ടായിരിക്കാം. അമ്മയാണ് എന്നെ മുരളി വായിക്കാൻ പഠിപ്പിച്ചത്. ഒരു പക്ഷേ ഈ കാട്ടിലെ അസംഖ്യം പക്ഷികളിലൊന്ന് എന്റെ അമ്മയായിരിക്കാം, എന്റെ ഈ പാട്ടു കേട്ട് അവർ എന്നെ തിരിച്ചറിഞ്ഞേക്കാം, മനുഷ്യസ്ത്രീയായി അല്ലെങ്കിൽക്കൂടി അമ്മയുടെ സാമീപ്യം ഒരിക്കൽക്കൂടി എനിക്ക് അനുഭവിക്കാൻ സാധിച്ചേക്കാം എന്നൊക്കെയുള്ള പൊട്ടച്ചിന്തകളിലാണ് കീർത്തീ ഞാൻ … ." ആ വാക്യം മുഴുമിപ്പിക്കുന്നതിനു മുൻപ് പദ്മ ഏങ്ങിക്കരഞ്ഞു പോയി. കീർത്തി പദ്മയെ കെട്ടിപ്പിടിച്ച് മുതുകിൽ തലോടി ആശ്വസിപ്പിച്ചു. അവളുടെ ചുമലിൽ മുഖം ചേർത്ത് പദ്മ വിങ്ങിപ്പൊട്ടിക്കരഞ്ഞു.

കരഞ്ഞു തീർന്നപ്പോൾ പദ്മ കീർത്തിയുടെ ആലിംഗനത്തിൽനിന്ന് അടർന്നു മാറി പാവാടത്തുമ്പുകൊണ്ട് മുഖം തുടച്ചു. തോളിൽ കയ്യിട്ട് കീർത്തി പദ്മയെ തന്നോട് ചേർത്തു പിടിച്ചു. മറ്റൊരു ചിന്തയായിരുന്നു അപ്പോൾ കീർത്തിയുടെ മനസ്സിലൂടെ കടന്നു പോയത്. ജീവലന്റെ ശാപം! കൂട്ടിലെ പാടാത്ത പഞ്ചവർണക്കിളിക്ക് പാട്ട് തിരികെക്കൊടുത്താൽ ശാപമുക്തി ലഭിക്കും എന്നല്ലേ അദ്ദേഹം പറഞ്ഞത്? പദ്മയുടെ അമ്മയായിരിക്കുമോ മഹർഷി ഉദ്ദേശിച്ച ആ പഞ്ചവർണക്കിളി? ചിന്തിക്കും തോറും അത് തീർച്ചയായും അങ്ങനെയാവാനാണ് സാദ്ധ്യതയെന്ന് രാജകുമാരിക്കു തോന്നി.

"ഞാൻ വെറുതെ സങ്കടം പറഞ്ഞ് വിരസതയുണ്ടാക്കി, അല്ലേ? ക്ഷമിക്കൂ, കീർത്തീ."

കീർത്തി അവളുടെ തോളിൽ പതിയെ നുള്ളി.

"ഒന്നു പോടീ അവിടുന്ന്! നിന്റെയല്ലെങ്കിൽ പിന്നെ ആരുടെ സങ്കടമാണ് മോളേ, ഞാൻ കേൾക്കുക?" അവൾ പദ്മയുടെ കവിളിൽ അരുമയോടെ തലോടി. "നോക്കട്ടെ, എന്തെങ്കിലും പരിഹാരം എന്നെക്കൊണ്ട് ചെയ്യാൻ പറ്റുന്നതുണ്ടെങ്കിൽ … നമുക്ക് ശ്രമിക്കാം."

ഒരു മന്ദസ്മിതം മാത്രമായിരുന്നു പദ്മയുടെ മറുപടി. കൂട്ടുകാരി തന്നെ സമാധാനിപ്പിക്കാൻ വേണ്ടി ആശ്വാസവാക്കു പറയുകയാണ് എന്നേ അവൾ കരുതിയുള്ളൂ.

---

കൈകൾ കോർത്തു പിടിച്ച് നദിക്കരയിലൂടെ നടക്കുകയായിരുന്നു കൂട്ടുകാരികൾ രണ്ടു പേരും. ഇതിനോടകം ആട്ടിൻകുട്ടികളോടൊത്ത് തുള്ളിക്കളിച്ചും ശകുനിയോടൊപ്പം കമ്പ് എറിഞ്ഞു കളിച്ചും അവർ നഷ്ടപ്പെട്ട ഉത്സാഹം വീണ്ടെടുത്തിരുന്നു.

"നീ കുതിരപ്പുറത്ത് കയറിയിട്ടുണ്ടോ, കീർത്തീ?"

"ഉണ്ടല്ലോ, എന്തേ?"

"ഞാൻ കയറിയിട്ടില്ലെടീ … ഒത്തിരി കാലമായുള്ള എന്റെയൊരു ആഗ്രഹമാണ് കുതിരപ്പുറത്ത് ഒന്നു കയറണമെന്ന്."

"അതെയോ? എങ്കിൽ ആ ആഗ്രഹം ഞാൻ സാധിച്ചു തരട്ടെ?"

പദ്മയുടെ കണ്ണുകൾ വിടർന്നു. "എങ്ങനെ?" അവൾ ഒരു കൊച്ചുകുട്ടിയുടെ ആകാംക്ഷയോടെ ചോദിച്ചു.

"അതൊക്കെയുണ്ട്, കണ്ണടച്ചു നിൽക്കാമെങ്കിൽ കാണിച്ചു തരാം." പദ്മയുടെ മുഖഭാവവും ചോദ്യവും കണ്ടും കേട്ടും ഊറി വന്ന ചിരി അടക്കിക്കൊണ്ട് കീർത്തി പറഞ്ഞു.

"ആങ്, എന്നെ പറ്റിക്കുകയല്ലേ … ." വിശ്വാസം വരാതെ പദ്മ ചിണുങ്ങി.

"എന്നെ നിനക്ക് അത്രയ്ക്കും വിശ്വാസമില്ലേടീ മണ്ടീ?"

"ഇല്ല, ഒട്ടുമില്ല."

“എന്നാൽ പോ, വേണ്ട.”

“ആങ് … ! വേണം!” പദ്മ കൈകാലുകൾ കുടഞ്ഞ് ബാലികാചാപല്യം അഭിനയിച്ചു. കീർത്തിക്ക് അവളെ കെട്ടിപ്പിടിച്ച് ഒരുമ്മ കൊടുക്കാനാണ് തോന്നിയത്. അവൾ സ്വയം നിയന്ത്രിച്ചു.

“എന്നാൽ കണ്ണടച്ചു നിൽക്ക്.” കീർത്തി ആവശ്യപ്പെട്ടു.

പദ്മ അനുസരിച്ചു.

കീർത്തി കിഴക്കു ദിക്കിലേക്കു തിരിഞ്ഞു നിന്ന് വായിൽ രണ്ട് വിരലുകൾ തിരുകി ഒരു സവിശേഷമായ ഈണത്തിൽ രണ്ടു വട്ടം അടുപ്പിച്ച് ചൂളമടിച്ചു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ തെല്ല് അകലെനിന്ന് വജ്രപാദന്റെ കുളമ്പടിയൊച്ചകൾ കേൾക്കുമാറായി. കീർത്തി പദ്മയെ നോക്കി. പാവം കണ്ണുകൾ ഇറുക്കെയടച്ച് പ്രതീക്ഷയോടെ നിൽക്കുകയാണ്. ആ കുളമ്പടിയൊച്ചകൾ നിമിഷംപ്രതി അടുത്തടുത്തു വരുമ്പോൾ പദ്മയുടെ ചൊടികളിലെ ചിരിയും അതിനൊപ്പം വികസിക്കുന്നത് കാണാൻ എന്തു രസം! കീർത്തിയും ചിരിച്ചു പോയി. അനുനിമിഷം ഉച്ചത്തിലുച്ചത്തിൽ ആയിക്കൊണ്ടിരുന്ന ആ ശബ്ദം കീർത്തിയുടെ തൊട്ടരികിൽ വന്ന് നിലച്ചു.

“ഇനി കണ്ണു തുറന്നോളൂ, പദ്മേ.”

പദ്മ നോക്കി. അതാ മുൻപിൽ നിൽക്കുന്നു സുന്ദരനൊരു കുതിര. അവന്റെ കറുകറുത്ത ശരീരത്തിന് എന്തൊരു മിനുപ്പാണ്! ആ ഉറച്ച പേശികൾക്ക് എന്തൊരു കരുത്ത്! ഇത്ര നല്ല ഒരു കുതിരയെ ഇവൾ നിമിഷങ്ങൾക്കകം എവിടെനിന്ന് ആവാഹിച്ച് കൊണ്ടുവന്നു? ഇതിനി വല്ല മായാജാലവും ആയിരിക്കുമോ എന്നു വരെ ഒരു ക്ഷണം പദ്മ ശങ്കിച്ചു പോയി.

“ഇതാരുടെ കുതിരയാണ്?” പദ്മയ്ക്ക് ആശ്ചര്യം അടക്കാൻ കഴിയുന്നില്ല.

“അതു കൊള്ളാം. വല്ലവരുടെയും കുതിര ഞാൻ ചൂളമടിച്ചാൽ ഉടൻ ഓടി വരുമോ, മണ്ടീ?”

പദ്മ മെല്ലെ വജ്രപാദനെ സമീപിച്ചു. അവൻ അവളെ തെല്ലും ഗൗനിക്കാതെ ശാന്തനായി അങ്ങനെ നിൽക്കുകയാണ്.

“തൊടാമോ?” പദ്മക്ക് തെല്ലൊരു ഭയം.

“തൊട്ടോടീ, അവൻ പാവമാണ്.” കീർത്തി പ്രോത്സാഹിപ്പിച്ചു.

പദ്മ പതിയെ കൈ നീട്ടി വജ്രപാദന്റെ മേനിയിൽ തൊട്ടു. അവൻ അറിഞ്ഞ ഭാവം പോലും കാണിക്കുന്നില്ല. അവൾ മെല്ലെ ഒന്ന് തലോടി. പട്ടു പോലെ! കീർത്തിയെ നോക്കി പദ്മ കുണുങ്ങിച്ചിരിച്ചു. പദ്മയുടെ നിഷ്കളങ്കമായ സന്തോഷം കീർത്തിയുടെ ഉള്ളിൽ സ്നേഹത്തിന്റെ ഉറവകളുണർത്തി. ഈ സുന്ദരിക്കുട്ടിയെ എനിക്കു സ്വന്തമാക്കാൻ കഴിഞ്ഞെങ്കിൽ! അവളുടെ ഇണക്കവും പിണക്കവും ചിരിയും കരച്ചിലും ആ കൊതിപ്പിക്കുന്ന മേനിയഴകം എല്ലാം എന്റേതാകാൻ എന്തു വേണം? അതിനായി പദ്മ പറഞ്ഞതു പോലെ ആണാകണമെങ്കിൽ അതിനു പോലും താൻ സന്നദ്ധയാണ്. വജ്രപാദനെ തൊട്ടും തലോടിയും പദ്മയ്ക്ക് മതി വരുന്നില്ല. അവന്റെ ദേഹത്തു ചാരി നിന്ന് അവനെ തടവി രസിക്കുകയാണ് അവൾ.

“ഇവനാണ് വജ്രപാദൻ.” പദ്മയോടായി പറഞ്ഞിട്ട് കീർത്തി വജ്രപാദനെ നോക്കി. “വജ്രപാദാ, ഇവൾ എന്റെ പ്രിയപ്പെട്ട കൂട്ടുകാരിയാണ് കേട്ടോ, പദ്മ എന്നാണു പേര്.”

“പേരു പോലെ തന്നെ സുന്ദരൻ.” പദ്മ മന്ദഹസിച്ചു.

“കയറണ്ടേ?”

“ആം.”

“ആദ്യം നിന്റെ ആ പാവാടയുടെ അടിഭാഗം പിന്നിൽനിന്ന് മുന്നിലേക്കെടുത്ത് അരയിൽ തിരുകി അന്തരീയം പോലെയാക്ക്.”

പദ്മ അപ്രകാരം ചെയ്തു.

കീർത്തി വജ്രപാദന്റെ ഇടതുവശത്തു നിന്ന് തന്റെ രണ്ടു കൈയിലെയും വിരകുകൾ തമ്മിൽ പിണച്ച് പാദാധാരം[3] പോലെ ആക്കിപ്പിടിച്ചു.

“ഇനി ചെരുപ്പൂരിയിട്ട് എന്റെ കൈയിൽ ഇടത്തേ കാൽ ചവിട്ടി കയറ്. എന്നിട്ട് ഈ പര്യാണ[4]ത്തിൽ പിടിച്ചുകൊണ്ട് വലത്തേ കാലുയർത്തി മറുവശത്തേക്കിടണം.”

പദ്മ ഒന്നുരണ്ടു നിമിഷം ഈ നിർദ്ദേശം എങ്ങനെ അനുസരിക്കുമെന്നു ചിന്തിച്ച് നിന്നു. ആദ്യം ചെരുപ്പ് ഊരുക. പിന്നെ കീർത്തിയുടെ കൈകളിൽ ഇടംകാൽ ചവിട്ടുക. എന്നിട്ട് പര്യാണത്തിൽ പിടിക്കുക. അതു കഴിഞ്ഞ് വലത്തേ കാൽ ഉയർത്തി അപ്പുറത്തേക്കിടുക. ശരി. എനിക്കിത് പറ്റുമല്ലോ! ചെരുപ്പ് ഊരി. കൈയിൽ ചവിട്ടി. കീർത്തി പദ്മയുടെ ഇടംകാൽ ഉയർത്തിക്കൊടുത്ത് സഹായിച്ചതിനാൽ അവൾക്ക് അനായാസം വജ്രപാദന്റെ പര്യാണത്തിൽ പിടിച്ചുകൊണ്ട് വലംകാൽ ഉയർത്തി അപ്പുറത്തേയ്ക്കിടാൻ സാധിച്ചു.

സാധു! ഞാൻ കുതിരപ്പുറത്ത് കയറി! പദ്മയുടെ മനസ്സ് ആഹ്ലാദത്താൽ തുടി കൊട്ടി. പുതിയ ഇരിപ്പിടവുമായി പൊരുത്തപ്പെടാൻ എടുത്ത നിമിഷങ്ങളിൽ അവൾ പരിസരവും കീർത്തിയെയും എല്ലാം മാറിമാറി നോക്കി തെല്ലൊരു പരിഭ്രമവും ഒരുപാട് സന്തോഷവും കലർന്ന മന്ദസ്മിതം തൂകിക്കൊണ്ടിരുന്നു.

“ഇനി?” ഇരിപ്പ് ഒരുവിധം സ്വസ്ഥമായെന്നു തോന്നിയപ്പോൾ പദ്മ ചോദിച്ചു.

“ഇനി നീ ഒന്നും ചെയ്യേണ്ട, അവിടെ അനങ്ങാതെ ഇരുന്നോളൂ.” പദ്മയോടു നിർദ്ദേശിച്ച് കീർത്തി വജ്രപാദന്റെ കടിഞ്ഞാൺ കയ്യിലെടുത്തു. “നടക്കൂ, ചങ്ങാതീ. നീ ഈ പദ്മയെ ഒന്നു കറങ്ങാൻ കൊണ്ടുപോവുകയാണ്. കേടുപാടുകളൊന്നും ഇല്ലാതെ അവളുടെ അച്ഛന് അവളെ തിരിച്ചേല്പിക്കണം, കേട്ടല്ലോ?” അവന്റെ കഴുത്തിലും കുഞ്ചിരോമങ്ങളിലും തലോടിക്കൊണ്ട് അവൾ പറഞ്ഞു.

വജ്രപാദൻ ചെറുതായി ഒന്നു ചിനച്ചു.

“അവനു മനസ്സിലായി എന്ന്.” ചിരിയോടെ കീർത്തി പദ്മയെ നോക്കി പറഞ്ഞു. പദ്മയും തെല്ല് പരിഭ്രമം കലർന്നതെങ്കിലും ഒരു മൃദുഹാസമണിഞ്ഞു. കടിഞ്ഞാണിൽ പിടിച്ചുകൊണ്ട് കീർത്തി മെല്ലെ മുൻപോട്ടു നടന്നു തുടങ്ങി. വജ്രപാദൻ അവളെ അനുഗമിച്ചു. അങ്ങനെ നദീതീരത്തുകൂടെ പദ്മ തന്റെ ജീവിതത്തിലെ

---

[3] Stirrup അഥവാ കുതിരപ്പുറത്ത് കയറാനുള്ള ചവിട്ടുകണ്ണി
[4] ജീനി

ആദ്യത്തെ കുതിരസവാരി ആസ്വദിച്ചുകൊണ്ട് സഞ്ചരിക്കുകയായി; അതും പാർശ്വവർത്തിയായി മറ്റാരുമല്ല, മാഗധദേശത്തിന്റെ രാജകുമാരിയെയും കൂട്ടി!

കുറേ ദൂരം ഒരു ദിശയിൽ പോയിട്ട് കീർത്തി കുതിരയെ തിരിച്ചു നടത്തി. അങ്ങനെ ആകെ എഴുപതോ എൺപതോ രജ്ജു[5] ദൂരം പദ്മ സവാരി ചെയ്തു.

"മതി, മതി. ഇറങ്ങാം." അവൾ പറഞ്ഞു.

കീർത്തി കുതിരയെ നിർത്തി. കടിഞ്ഞാൺ വിട്ടിട്ട് അവൾ പദ്മയുടെ അടുത്തു ചെന്ന് കൈകൾ നീട്ടി.

"ഈ വശത്തേക്കു തിരിഞ്ഞിരുന്നിട്ട് ചാടിക്കോളൂ." കീർത്തി പറഞ്ഞു.

പദ്മ അനുസരിച്ചു. തന്റെ കൈകളിലേക്ക് സ്വയം ഏൽപ്പിച്ച അവളെ കീർത്തി ഇടുപ്പിൽ പിടിച്ച് താങ്ങി നിലത്തു നിർത്തുമ്പോൾ അവർ ഇരുവരുടെയും മനസ്സിൽ എന്തൊക്കെയോ വികാരങ്ങൾ ഉണർന്നു. അല്പസമയം കൂടി ആ കൈകളിൽ ഒതുങ്ങി നിൽക്കാനുള്ള ആഗ്രഹം പദ്മയ്ക്കും അതുപോലെ അവളെ കരവലയത്തിലൊതുക്കി അല്പസമയം കൂടി നിൽക്കാനുള്ള ആഗ്രഹം കീർത്തിക്കും. അഹോ കഷ്ടം! "തന്നതില്ല പരനുള്ളു കാട്ടുവാനൊന്നുമേ നരനുപായമീശ്വരൻ" എന്നാണല്ലോ കവിവാക്യം.

താഴെയിറങ്ങിക്കഴിഞ്ഞ് സന്തോഷം കൊണ്ട് തുള്ളിച്ചാടി വട്ടം കറങ്ങി പദ്മ ചെറിയൊരു നൃത്തം തന്നെ ചെയ്തു. കീർത്തി അതുകണ്ട് പൊട്ടിപ്പൊട്ടിച്ചിരിക്കുകയായിരുന്നു. അവളുടെ കവിളിൽ പദ്മ ഒരു മുത്തം കൊടുത്തു; കീർത്തി മറ്റേ കവിൾ തൊട്ടു കാണിച്ചപ്പോൾ നാവു നീട്ടിക്കാണിച്ച് അവൾ ഒഴിഞ്ഞു മാറി. കുറേ നേരം കൂടി കളിചിരികളുമായി ഉല്ലസിച്ചു നടന്നിട്ട് സന്ധ്യ മയങ്ങാറായപ്പോൾ ആട്ടിൻപറ്റത്തിനെ മേയ്ച്ചുകൊണ്ട് പദ്മയും വജ്രപാദന്റെ പുറത്തേറി കീർത്തിയും അവരവരുടെ വസതികളിലേക്ക് മടങ്ങി.

---

[5] 19.1 മീറ്റർ

# അദ്ധ്യായം നാല്

കൊട്ടാരത്തിൽ മടങ്ങിയെത്തിയ രാജകുമാരി ആദ്യം ചെയ്തത് മന്ത്രിയായ സുഷേണനെ ചെന്നു കണ്ട് ഉഗ്രകർമ്മാവിനെക്കുറിച്ച് അന്വേഷിക്കുകയാണ്. വർഷങ്ങൾക്കു മുൻപ് മാഗധം, സപ്തഗിരി, വിദിശ എന്നീ മൂന്നു രാജ്യങ്ങളിലും യഥേഷ്ടം തന്റെ അതിക്രമങ്ങളുമായി വിഹരിച്ചിരുന്ന ആ ദുർമന്ത്രവാദിയെ മന്ത്രി ഓർക്കുന്നുണ്ടായിരുന്നു. ഏകദേശം ഒന്നര വർഷം മുൻപ് മാഗധത്തിന്റെ വടക്കേ അതിർത്തി പങ്കിടുന്ന സപ്തഗിരിയിൽനിന്ന് എത്തി മാഗധത്തിന്റെ വടക്കൻ വനാന്തരങ്ങളിലെ നിഷാദർക്കിടയിൽ താമസമാക്കിയ അസികേതു എന്ന ഒരു സിദ്ധൻ ഒരു പക്ഷേ ഈ ഉഗ്രകർമ്മാവ് തന്നെ പേരും രൂപവും മാറി വന്നതായിരിക്കാം എന്ന് ചാരന്മാരിൽ ചിലർ സംശയം പ്രകടിപ്പിച്ചിരുന്നതായും മന്ത്രി വൃന്ദയോടു പറഞ്ഞു. അസികേതുവിനെപ്പറ്റി കൂടുതൽ അന്വേഷണം നടത്താൻ രാജകുമാരിയുടെ ഇംഗിതപ്രകാരം സുഷേണൻ വേണ്ട ഏർപ്പാടുകൾ ചെയ്തു.

രാജകുമാരി രണ്ടു ദിവസം കഴിഞ്ഞ് പദ്മയെ കാണുമ്പോൾ എന്തെന്നില്ലാത്ത ഉത്സാഹത്തിലായിരുന്നു അവൾ. ദൂരെനിന്ന് കുതിരപ്പുറത്തു വരുന്ന കീർത്തിയെ കണ്ടതും പദ്മ ഓടി അടുത്തു ചെന്നു, താഴെയിറങ്ങിയതും അവളെ കെട്ടിപ്പിടിച്ച് വട്ടം കറങ്ങി, ആ വെകിളിയിൽ രണ്ടാളും കൂടി ഉരുണ്ടു മറിഞ്ഞ് നിലത്തു വീഴുകയും ചെയ്തു.

“എന്നെ കൊല്ലാൻ നോക്കുകയാണോ നീ, ഭ്രാന്തിപ്പെണ്ണേ?” ചിരിച്ചുകൊണ്ട് എണീറ്റിരുന്ന് ദേഹത്തും വസ്ത്രങ്ങളിലും പറ്റിയ മണ്ണു തട്ടിക്കളയുമ്പോൾ കീർത്തി ചോദിച്ചു.

“ഇത് സ്നേഹമല്ലേ ചക്കരേ!”

“ഇങ്ങനെയാണെങ്കിൽ അധികം സ്നേഹിക്കേണ്ടി വരില്ലല്ലോ!”

“വാ, നിന്നെ ഞാൻ ഒരു സ്ഥലം കാണിച്ചു തരാം.” എണീറ്റു നിന്നുകൊണ്ട് പദ്മ പ്രഖ്യാപിച്ചു.

കീർത്തി ആംഗ്യത്താൽ “എവിടെ?” എന്നു ചോദിച്ചു.

“അതൊക്കെ ഉണ്ടെന്നേ, വാ!” അവൾ നീട്ടിയ കൈയിൽ പിടിച്ച് കീർത്തിയും എണീറ്റു.

“വജ്രപാദന്റെ എളിയിൽനിന്ന് ആ കുപ്പിയും എടുത്തോളൂ, വഴിക്ക് ദാഹിക്കും.” പദ്മ നിർദ്ദേശിച്ചു. കീർത്തി അപ്രകാരം ചെയ്തു.

കീർത്തിയെ കൂട്ടിക്കൊണ്ട് ഉദ്ദേശം അര ക്രോശം[6] അകലെ കാണുന്ന മലയുടെ നേർക്കാണ് പദ്മ നടന്നത്. ആടുകളുടെ കാര്യം നോക്കാൻ ശകുനി ഉണ്ടായിരുന്നല്ലോ. മലഞ്ചുവട്ടിലേക്ക് കീർത്തി പ്രതീക്ഷിച്ചതിലും കൂടുതൽ ദൂരമുണ്ടായിരുന്നു. അവിടെനിന്ന് കഴുത്തോളം പൊക്കത്തിൽ വളർന്നു നിൽക്കുന്ന അതിഗന്ധപ്പുല്ലുകൾക്കിടയിലൂടെ മുകളിലേക്ക്. വഴിയിൽ ഇടയ്ക്കിടെ താന്താങ്ങളുടെ കൈവശം കരുതിയിരുന്ന കുപ്പികളിൽനിന്ന് അവർ വെള്ളം കുടിച്ചു.

“നീ എന്നെ എങ്ങോട്ടാണ് ഈ കൊണ്ടുപോകുന്നത്?” കീർത്തി ചോദിച്ചു.

---

[6] ≅ 3 കിലോമീറ്റർ

“അതൊക്കെ ഉണ്ടെന്ന പറഞ്ഞില്ലേടീ പൊട്ടീ, മിണ്ടാതെ ഒന്ന വാ!” പദ്മ തെളിഞ്ഞ പ്രസരിപ്പിലാണ്.

അവളുടെ ഉന്മേഷം കീർത്തിയ്ക്കും ക്ഷീണം വക വെക്കാതെ നടക്കാനുള്ള പ്രോത്സാഹനമായി. മലമുകളിൽ വീശുന്ന തണുത്ത കാറ്റ് അവർക്ക് വെയിലിൽനിന്ന് ആശ്വാസം നൽകുന്നുണ്ടായിരുന്നു.

---

ഉദ്ദേശം മൂന്ന് മുഹൂർത്തം[7] സമയമെടുത്ത് ഒന്നൊന്നര ക്രോശം ദൂരം പിന്നിട്ട് അവർ എത്തിയത് മലയുടെ നിറുകയിലെ സ്വർഗീയാനുഭൂതി പകരുന്ന ചുറ്റുപാടിലേക്ക് ആയിരുന്നു. കരുത്തോടെ ആഞ്ഞു വീശുന്ന കുളിർകാറ്റ്. ചുറ്റിലും പച്ചപ്പ്. കൈ നീട്ടിയാൽ തൊടാമെന്ന തോന്നുമത്ര അടുത്തുകൂടെ നീങ്ങുന്ന മേഘങ്ങൾ. അങ്ങകലെ തലയെടുപ്പോടെ നിൽക്കുന്ന ഗിരിനിരകൾ. അവയ്ക്ക് ശിരോവസ്ത്രമണിയിക്കുന്ന കോടമഞ്ഞ്. എല്ലാം മിഴിയും മനവും തനുവും നിറയെ ആസ്വദിച്ച് കീർത്തി നിശ്ചലയായി അങ്ങനെ നിന്നു പോയി. അവളുടെ ആ നിർവൃതി കണ്ടുകൊണ്ട് മൃദുസ്മേരവദനയായി നിൽക്കുകയായിരുന്നു പദ്മ.

“ഇനി ദാ, അല്പം ദൂരം കൂടിയേ ഉള്ളൂ.” അവൾ അടുത്തുള്ള ഒരു മരത്തണലിലേക്ക് വിശ്രമിക്കാൻ ഇരുന്നു.

ഇമകൾ പൂട്ടി കൈകൾ വിരിച്ചു നിന്ന് കാറ്റു കൊള്ളുകയായിരുന്ന കീർത്തി കണ്ണു തുറന്ന് അവളെ നോക്കി.

“ഇനിയും എന്താണ്?”

“ഇതൊക്കെ ഒന്നുമല്ല മോളേ, ശരിക്കുള്ള കാഴ്ച കാണാൻ പോകുന്നതല്ലേ ഉള്ളൂ!”

കുറച്ചു സമയത്തെ വിശ്രമത്തിനു ശേഷം വീണ്ടും ആ കൂട്ടുകാരികൾ യാത്ര തുടർന്നു. അവർക്ക് ഏറെ ദൂരം പോകേണ്ടി വന്നില്ല. പടുകൂറ്റനൊരു കരിമ്പാറക്കെട്ടിന്റെയും പിന്നെ ഒരു മരക്കൂട്ടത്തിന്റെയും മറവു കടന്നപ്പോൾ മുൻപിൽ കണ്ട ദൃശ്യം കീർത്തിയെ അദ്ഭുതസ്തബ്ധയാക്കി. സ്വച്ഛനീലനിറമാർന്ന ഒരു തടാകം! അന്തം വിട്ട് അവൾ പദ്മയെ നോക്കി. തടാകത്തിലേക്ക് നോക്കി. പദ്മ ചിരിക്കുകയാണ്. കീർത്തി സ്വയം അറിയാതെ കൈ നീട്ടി അവളുടെ കൈയിൽ തൊട്ടു.

“ഹാവൂ, എന്തൊരു മനോഹരദൃശ്യം! പദ്മേ, നീയെന്നെ എന്താണ് മുൻപേ ഇവിടെ കൊണ്ടുവരാതിരുന്നത്?”

“ങ്ഹും, ഇത് എന്റെ മാത്രം ഗൂഢസങ്കേതമാണ്, അറിയാമോ! നിന്നെയല്ലാതെ വേറാരെയും ഞാൻ ഇവിടേക്ക് കൊണ്ടുവന്നിട്ടില്ല.”

ഒരു സ്വപ്നാടകയെപ്പോലെ സരസ്സിനു നേർക്ക് നടന്നടുക്കുകയായിരുന്ന കീർത്തി അതു കേട്ടോ എന്തോ? ഏതായാലും ഭാവിയിൽ ആ വാക്കുകൾ വരിക്കാൻ പോകുന്ന മറ്റൊരു അർഥത്തിനെക്കുറിച്ച് പദ്മ അപ്പോൾ സ്വപ്നത്തിൽ പോലും ചിന്തിച്ചിരുന്നില്ല. കീർത്തി തടാകത്തിന്റെ വക്കിന് ഏതാനും ദണ്ഡം[8] അകലെ എത്തി നിന്നു. ജലകണങ്ങൾ വഹിച്ച് എത്തുന്ന കാറ്റിന് എന്തൊരു കുളിര്! കീർത്തിയുടെ ഹൃദയത്തിൽ ആഹ്ലാദം തിരതല്ലുകയായിരുന്നു. പ്രകൃതീദേവിയുടെ ഇത്രയും സുന്ദരമായ ഒരു മുഖം കാണിച്ചു തന്ന പദ്മയോട് എത്ര നന്ദി പറഞ്ഞാലും മതിയാവില്ല.

“നിനക്ക് നീന്തൽ അറിയില്ലേ, കീർത്തീ?”

---

[7] 48 മിനിറ്റ്
[8] 1.8 മീറ്റർ

“അറിയുമല്ലോ.”

“എങ്കിൽ വരുന്നോ, നീന്താൻ?”

കീർത്തി തിരിഞ്ഞു നോക്കി. ചെരുപ്പുകൾ ഊരി വെച്ച് പാവാടയും അഴിച്ച മാറ്റിയിട്ട് തലമുടി ഉയർത്തിക്കെട്ടുകയാണ് പദ്മ. കീർത്തിയുടെ നേർക്കു നോക്കിക്കൊണ്ട് ലജ്ജയെന്തെന്ന് അറിയാത്ത ഒരു മന്ദസ്മിതത്തോടെ അവൾ സ്വശരീരത്തിൽ ആകെ അവശേഷിച്ചിരുന്ന സ്തനപട്ടവും കൗപീനവും കൂടി നീക്കം ചെയ്തു. പൂർണ്ണനഗ്ന!

കീർത്തിയുടെ കണ്ണുകൾ വികസിച്ചു. എത്ര നാളുകളായി കാണാൻ ആഗ്രഹിച്ച കാഴ്ചയാണ്. എത്ര തവണ ഏകാന്തതയിലെ രതിഭാവനകളിൽ സങ്കൽപിച്ചു നോക്കിയിട്ടുള്ള രൂപമാണ്. ഇപ്പോൾ ഇതാ ഒരു സ്വപ്നദർശനം പോലെ നേർക്കുനേർ കാണാൻ സാധിച്ചിരിക്കുന്നു; അതും എത്ര അപ്രതീക്ഷിതമായും എത്ര എളുപ്പവും! മെലിഞ്ഞ ശരീരപ്രകൃതത്തിന് ഇണങ്ങാത്തതെന്ന തോന്നിക്കുമാറ് കൊഴുത്തതെങ്കിലും എകർന്നു നിൽക്കുന്ന മുലകൾ. ഒതുങ്ങിയ ആലിലവയറ്. വീതിയേറിയ അരക്കെട്ട്. മടിയിടുക്കിൽ അവശേഷിക്കുന്ന നേർത്ത ഒരു രോമരാജിയിൽനിന്ന് അവൾ സമീപകാലത്ത് ഗുഹ്യക്ഷൗരം ചെയ്തിട്ടുള്ളതായി മനസ്സിലാകും. അതിനു താഴെയായി താൻ പൂജ ചെയ്യാൻ കൊതിക്കുന്ന ആ രതിക്ഷേത്രം. ഗജമസ്തകം പോലെ ഭംഗിയാർന്ന തുടകൾ. രോമങ്ങൾ കാണാനേയില്ലാത്ത കണങ്കാലുകൾ.

തന്നെ ആപാദചൂഡം അളക്കുന്നതു പോലെയുള്ള കീർത്തിയുടെ ആ നിരീക്ഷണത്തിനു മുൻപിൽ പദ്മ തെല്ലൊന്ന് ചൂളി.

“എന്തൊരു നോട്ടമാണെടീ,” കൈകൾകൊണ്ട് മാറും മടിയിടുക്കും മറയ്ക്കുന്നതായി നടിച്ച് അവൾ ചിരിച്ചു, “നീ എന്നെ കടിച്ച് തിന്നാൻ പോകുകയാണോ?”

കടിക്കാനും തിന്നാനും ഒക്കെ ആഗ്രഹമുണ്ട് മോളേ! കീർത്തി മനസ്സിലാണ് അതു പറഞ്ഞത്. പ്രകടമായി ഇങ്ങനെയും:

“എത്ര സുന്ദരിയാണ് നീയെന്നു നോക്കിപ്പോയതാണെടീ. നിന്നെ വിവാഹം ചെയ്യുന്നവൻ ഭാഗ്യവാനായിരിക്കും.”

പദ്മയുടെ കവിൾത്തടം ഒന്ന് തുടുത്തു. അവളുടെ ചൊടികളിലെ ചിരി വികസിച്ചു.

“ഓ, അങ്ങനെയോ! എങ്കിൽ ഈ പറയുന്ന ആളിന്റെ സൗന്ദര്യം ഞാനും ഒന്നു കാണട്ടെ – വരുന്നില്ലേ, നീന്താൻ?”

“ഞാൻ … വരുന്നില്ല, നീ ഇറങ്ങിക്കൊള്ളൂ.”

“അതെന്താ, നാണമാണോ?” ഒരു നൃത്തച്ചുവടു വെച്ച് പതിയെ വട്ടം തിരിഞ്ഞുകൊണ്ടാണ് പദ്മ ചോദിച്ചത്.

“കുറച്ച്.” കീർത്തി ഇളിച്ചു കാണിച്ചു.

“അത്രേയുള്ളോ?” പദ്മയ്ക്ക് ഒരു ആശയം തോന്നി. “എങ്കിൽ നിന്റെ ആ ഉത്തരീയം എടുത്ത് തുവർത്തു പോലെ ഉടുക്കാമല്ലോ.” അവൾ പറഞ്ഞു.

“ഊഹും.” കീർത്തി ചിണുങ്ങി.

പദ്മ കുറച്ചുകൂടി നിർബന്ധിച്ചു നോക്കിയെങ്കിലും കീർത്തി മടിച്ചു തന്നെ നിന്നു. ഒടുവിൽ അവളെ കൊഞ്ഞനം കുത്തിക്കാണിച്ച് പദ്മ തനിച്ച് സരസ്സിൽ ഇറങ്ങി. കമിഴ്ന്നും മലർന്നും നീന്തിയും വെള്ളം തല്ലിത്തെറിപ്പിച്ചും മുങ്ങാംകുഴിയിട്ടും അവൾ ജലക്രീഡകളിൽ മുഴുകുന്നത് തീരത്തിരുന്ന് കീർത്തി കണ്ടു രസിച്ചു. മതി വരുവോളം വെള്ളത്തിൽ കളിച്ചു കഴിഞ്ഞ് തടാകത്തിൽ അങ്ങിങ്ങായി വിരിഞ്ഞു നിന്നിരുന്ന താമരപ്പൂക്കളിൽ അഞ്ചെട്ടെണ്ണം പറിച്ചെടുത്തുകൊണ്ട് പദ്മ കരയ്ക്കു കയറി. അവൾ തന്റെ നേർക്ക് നീട്ടിയ ആ ഉപഹാരം തുള്ളിച്ചാടിക്കൊണ്ടാണ് കീർത്തി സ്വീകരിച്ചത്. മനസ്സു നിറഞ്ഞ ആഹ്ലാദച്ചിരിയോടെ അവൾ പദ്മയുടെ ഇരുകവിളുകളിലും മാറിമാറി ഉമ്മ വെച്ചു.

"ഒത്തിരി നന്ദി, മോളേ … നീ എന്റെ പഞ്ചാരക്കുട്ടിയാണേ!" കീർത്തി കൊഞ്ചി.

"അയ്യടീ, എന്തൊരു സ്നേഹം. ഞാൻ വിളിച്ചിട്ട് വന്നില്ലല്ലോ!" പദ്മ പരിഭവിച്ചു.

കീർത്തി വീണ്ടും അവളെ ഇളിച്ചു കാട്ടി. തിരിച്ച് കൊഞ്ഞനം കുത്തിയിട്ട് പദ്മ ഉരുണ്ട വെള്ളാരങ്കല്ലുകൾ നിറഞ്ഞ തടാകക്കരയിൽ മലർന്ന് കിടന്നു; അരികിൽ കീർത്തിയും. വസ്ത്രങ്ങളെപ്പറ്റി പദ്മ ചിന്തിച്ചതേയില്ല. അവളുടെ നഗ്നസൗന്ദര്യത്തിലേക്ക് ഒന്നു നോക്കിയ കീർത്തി ചിന്തകൾ വഴി തെറ്റുന്നതു ഭയന്ന് നോട്ടം മാറ്റിക്കളഞ്ഞു. ആ കിടപ്പിൽ അവർ രണ്ടാളും ഏറെ നേരം സല്ലാപങ്ങളിൽ മുഴുകി. പദ്മയുടെ നേർക്ക് നോക്കുമ്പോഴൊക്കെ കഴിയുന്നതും അവളുടെ മുഖത്തു തന്നെ ശ്രദ്ധിക്കാൻ കീർത്തി ശ്രമിച്ചെങ്കിലും ഇടയ്ക്കിടെ അവളുടെ കണ്ണുകൾ അവളെത്തന്നെ വഞ്ചിച്ച് പദ്മയുടെ
തനുവിന്റെ നിമ്നോന്നതങ്ങളിൽ തങ്ങിയത് പദ്മ മനസ്സിലാക്കി എങ്കിൽത്തന്നെ ആ മട്ട് കാണിച്ചില്ല.

തിരിച്ചു പോകാൻ വേണ്ടി പദ്മ എണീറ്റ് വീണ്ടും വസ്ത്രങ്ങൾ ധരിച്ചപ്പോൾ കീർത്തിക്ക് ആശ്വാസവും നിരാശതയും ഒന്നിച്ചാണു തോന്നിയത്. കൂട്ടുകാരികൾ ഒന്നിച്ച് മലയിറങ്ങുമ്പോൾ സൂര്യൻ പടിഞ്ഞാറൻ മാനത്ത് ചെഞ്ചായം പൂശാൻ തുടങ്ങിയിരുന്നു. അപ്പോഴും പദ്മ സമ്മാനിച്ച താമരപ്പൂക്കളെ കീർത്തി മാറോട് അടുക്കി പിടിച്ചിട്ടുണ്ടായിരുന്നു.

---

അടുത്ത ദിവസം സന്ധിച്ചപ്പോഴും അവർ മലമുകളിലെ തടാകക്കരയിൽ പോയി. കാറ്റു കൊണ്ട് കഥയും കാര്യവും പറഞ്ഞ് ഏറെ നേരം ഇരുന്നു. പിന്നെ വെള്ളത്തിലിറങ്ങാൻ വേണ്ടി പദ്മ എണീറ്റു. വരുന്നുണ്ടോ എന്ന അവളുടെ ചോദ്യത്തിന് ഇല്ല എന്നായിരുന്നു കീർത്തിയുടെ മറുപടി.

"ഹൊ, ഇത്ര വലിയ നാണക്കാരി പിന്നെ എങ്ങനെയാണോ ആവോ നീന്തൽ പഠിച്ചത്?" പദ്മ കളിയാക്കി.

"അപ്പോൾ ഞാൻ കുഞ്ഞ് അല്ലായിരുന്നോ? അതു തന്നെയല്ല … ." കീർത്തി അർദ്ധോക്തിയിൽ നിർത്തി.

"തന്നെയല്ല?"

കീർത്തി ഒന്ന് മടിച്ചു.

"പറയെടീ!" പദ്മയുടെ നിർബന്ധം.

"എന്റെ … ഇവിടെ (വലതു തുടയിൽ തൊട്ടു കാണിച്ച്) ഒരു പാട് ഉണ്ടേ … അതാരും കാണുന്നത് എനിക്ക് … എനിക്കത് എന്തോ ഒരു … വല്ലായ്മ ആണെടീ." സങ്കോചത്തോടെ കീർത്തി പറഞ്ഞൊപ്പിച്ചു.

“എന്തു പാടാണ്? മുറിഞ്ഞതോ മറ്റോ ആണോ?”

“അല്ല, ജനിച്ചപ്പോഴേ ഉള്ളതാണ് ... ഏകദേശം അരിവാളിന്റെ ആകൃതിയിൽ ഒരു കല.”

“ഞാൻ കണ്ടോട്ടേ?”

കീർത്തി മുഖഭാവംകൊണ്ട് വൈമനസ്യം പ്രകടിപ്പിച്ചു.

“എന്താണ് കുട്ടീ, ഞാൻ കളിയാക്കുകയൊന്നും ഇല്ലെന്നേ. എന്നെ വിശ്വാസമില്ലേ എന്റെ മോൾക്ക്?”

ആ നിഷ്കളങ്കമായ കൊഞ്ചിക്കൽ. കീർത്തിയുടെ മനസ്സിൽ മഞ്ഞു പെയ്ത അനുഭൂതി. രോമാഞ്ചം വന്നതും കവിൾ തുടുത്തതും ചൊടികളിൽ അറിയാതെ ഒരു മൃദുസ്മിതം തെളിഞ്ഞതും മറയ്ക്കാൻ പറ്റാതെ അവൾ വിഷമിച്ചു പോയി. അതു കണ്ട് പദ്മയ്ക്കും ചിരി വന്നു. പാവം! ഇത്ര ലോലമായ മനസ്സാണല്ലോ ഈ പെണ്ണിന്റേത് എന്ന് അവൾ ഓർത്തു.

“കാണണോ?”

“വേണം!”

കീർത്തി അന്തരീയത്തിന്റെ പാളികൾ വിടർത്തി പദ്മയ്ക്ക് ആ അടയാളം കാണിച്ചു കൊടുത്തു; വെളുത്ത ത്വക്കിന്മേൽ അരിവാളിന്റെയോ ചന്ദ്രകലയുടെയോ പോലത്തെ ആകൃതിയിൽ ഉള്ള ഒരു ഇരുണ്ട പാട്. അതിന് കീർത്തിയുടെ ഉള്ളംകൈയിനെക്കാൾ അല്പം കുറവ് വലിപ്പം കാണും.

“ഇതാണോ? ഇതിൽ എന്ത് നാണിക്കാൻ ഇരിക്കുന്നു? തുടയിൽ ചന്ദ്രകല അടയാളം സാമുദ്രികാശാസ്ത്രം അനുസരിച്ച് രാജലക്ഷണമാണ്, അറിയുമോ!”

“പിന്നെ! ഒന്നു പോടീ, പുളു പറയാതെ.”

“സത്യം! ഇനി അല്ലെങ്കിൽക്കൂടി നിന്റെ കല കാണാൻ സുന്ദരമാണല്ലോ, പിന്നെ എന്തിന് വിഷമം?”

“അല്ല, ഭംഗിയൊന്നുമില്ല. വൃത്തികേടാണ്.” കീർത്തി ചിണുങ്ങി.

“പൊട്ടീ, ഒറ്റക്കുത്തു ഞാൻ വെച്ചു തരും.” വിരൽ ചൂണ്ടി പദ്മ ശുണ്ഠിയെടുത്തു.

ഇരുവർക്കും ചിരി പൊട്ടിയത് ഒരുമിച്ചാണ്.

“ഇതിന്റെ പേരിൽ നാണിക്കേണ്ട ഒരാവശ്യവും ഇല്ല മോളേ നിനക്ക്, ” ആ ചിരിയുടെ അലകൾ ഒതുങ്ങിയപ്പോൾ പദ്മ തുടർന്നു, "ഇതാ നോക്ക്, ഇവിടെ നമ്മൾ അല്ലാതെ ഒരു മനുഷ്യജീവി പോലും വരില്ല. ഇന്ന് നീന്താൻ നീയും വന്നേ പറ്റൂ. മര്യാദയ്ക്ക് വരുന്നോ, അതോ ഞാൻ പിടിച്ച് വെള്ളത്തിൽ തള്ളിയിടണോ?”

“അയ്യോ വേണ്ട മഹാരാജ്ഞി തിരുമനസ്സേ, ഞാൻ സ്വയം ഇറങ്ങിക്കൊള്ളാം!” കീർത്തി അവളെ തൊഴുതു.

“അങ്ങനെയിങ്ങനെ ചൊല്ലാതെന്നുടെ വഴിക്കു വാ എൻ തത്തമ്മേ … .” പദ്മ ഒരു നാടൻപാട്ട് മൂളിക്കൊണ്ട് തന്റെ പാവാടയുടെ വള്ളി അഴിച്ചു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അവൾ വസ്ത്രങ്ങളിൽനിന്ന് പരിപൂർണസ്വതന്ത്രയായി.

“ഇവൾക്ക് തുണി എന്ന വസ്തുവിനോട് വലിയ ശത്രുതയാണെന്നു തോന്നുന്നു!” മെല്ലെ എണീക്കുന്നതിനിടെ ഒരു ആത്മഗതം പോലെയാണ് കീർത്തി പറഞ്ഞത്.

“അതെയല്ലോ,” പദ്മ ഗൗരവം നടിച്ചു, “നമ്മൾ ജനിക്കുന്നത് വസ്ത്രങ്ങൾ ഇല്ലാതെയല്ലേ? പിന്നെ എന്തിനാണ് വെറുതെയുള്ള ഈ എടുത്തുകെട്ടുകൾ? എല്ലാവരും വിവസ്ത്രരായാണ് നടന്നിരുന്നതെങ്കിൽ എന്തു നന്നായേനെ … .” അവൾ ഏതോ സാങ്കല്പികഗാനത്തിനൊപ്പം നൃത്തച്ചുവടുകൾ വെച്ചു.

തെല്ലിടയ്ക്കുള്ളിൽ കീർത്തിയും പദ്മയെപ്പോലെ സംഭ്രതികാലവേഷം ധരിച്ച് നീന്തലിന് സജ്ജയായി. പദ്മ അവളെ അടിമുടി ഒന്ന് നോട്ടത്താൽ ഉഴിഞ്ഞു. കീർത്തിയെ ഇങ്ങനെയൊന്നു കാണാൻ അവളും ഒരുപാട് ആഗ്രഹിച്ചിരുന്നതാണല്ലോ. താൻ സങ്കല്പിച്ചതിനെക്കാൾ സുന്ദരി — ഏതോ വിദഗ്ദ്ധശില്പിയുടെ കരവിരുതിൽ പണി തീർന്ന അപ്സരശില്പം പോലെ! പുഷ്ടിയുള്ള മാറിടവും ഇടുപ്പും കൃശമായ വയറും. വെണ്മയാർന്ന മുലകളിൽ പാടലവർണം പൂണ്ട മുലക്കണ്ണുകൾ. രോമശൂന്യമാക്കപ്പെട്ട ഗുഹ്യപ്രദേശം. കടഞ്ഞെടുത്തതു പോലെയുള്ള തുടകളും കണങ്കാലുകളും. ഇങ്ങനെ നോക്കിക്കൊണ്ടു നിൽക്കാൻ തോന്നിപ്പോകും ആർക്കും. സ്വയം മറന്ന് പദ്മ ഒന്നു ചൂളമടിച്ചു പോയി.

“എന്താ?” കീർത്തിക്ക് തെല്ല് ലജ്ജ തോന്നി.

“ഈശ്വരൻ മിനക്കെട്ട് സൃഷ്ടിച്ച ഇങ്ങനത്തെ സൗന്ദര്യം വസ്ത്രങ്ങൾ കൊണ്ട് മറച്ചു വെക്കുന്നത് പാപമാണ്, കേട്ടോ.”

“പോടീ … .”

ആദ്യം പദ്മയും അവൾക്കു പിന്നാലെ കീർത്തിയും സരസ്സിൽ ഇറങ്ങി. അവർ നീന്തിത്തുടിച്ചും പരസ്പരം വെള്ളം തട്ടിത്തെറിപ്പിച്ചും രസിച്ചു. അരയന്നങ്ങളോടും താമരപ്പൂക്കളോടും സല്ലപിച്ചു. പരസ്പരം മറ്റേയാൾ അറിയാതെ മുങ്ങാംകുഴിയിട്ടു ചെന്ന് കാലിൽ പിടിച്ചു വലിച്ച് കളിച്ചു. മറ്റൊരു മനുഷ്യന്റെയും പാദസ്പർശം അറിയാത്ത ആ ഭൂപ്രദേശത്തെ ആ സ്വച്ഛനിർമലജലവാഹിയായ തടാകത്തിൽ ആ രണ്ട് അപ്സരസ്സുകൾ ജലകേളികളുടെ സ്വർലോകം തീർത്തു. ക്ഷീണിച്ചപ്പോൾ അവർ ഇരുവരും കരയ്ക്കു കയറി ഉരുളൻകല്ലുകൾക്കു മീതെ നഗ്നരായി കിടന്നു. തങ്ങളുടേതു മാത്രമായ ഈ ഭൂസ്വർഗത്തിൽ ആരിൽനിന്ന് എന്തു മറയ്ക്കാൻ? എന്തിനു നാണിക്കാൻ!

അന്നത്തെ സായാഹ്നത്തിൽ മലയിറങ്ങുമ്പോൾ രണ്ട് കൂട്ടുകാരികളും അങ്ങേയറ്റം ഉത്സാഹഭരിതരായിരുന്നു. തമ്മിൽ പിരിഞ്ഞ് താന്താങ്ങളുടെ വീടുകളിലേക്ക് മടങ്ങുമ്പോഴും പങ്കിട്ട ആഹ്ലാദനിമിഷങ്ങളുടെ സ്മരണകൾ അവരുടെ ചൊടികളിൽ മൃദുസ്മേരങ്ങളായി തങ്ങി നിന്നു.

---

അസികേതുവിനെക്കുറിച്ച് കിട്ടിയ വിവരങ്ങൾ രാജകുമാരിക്ക് പ്രതീക്ഷ നൽകുന്നവയായിരുന്നു. ഉഗ്രകർമ്മാവ് തന്നെയാണ് അസികേതു എന്ന് അന്വേഷിക്കാൻ പോയ ചാരന്മാർ സ്ഥിരീകരിച്ചു. വിദിശയിൽ ആയിരുന്നു അയാൾ അവസാനമായി സ്വന്തം പേരിലും രൂപത്തിലും കാണപ്പെട്ടത്. അവിടുത്തെ കപികേതനം എന്ന വനത്തിൽ ഒരു പഴയ ഹനുമാൻ ക്ഷേത്രമുണ്ട്. ഇന്ന് വിഷസർപ്പങ്ങളുടെ

താവളങ്ങളായ അവിടുത്തെ നിലവറകളിൽ ഏതോ ഒന്നിൽ മറഞ്ഞു കിടക്കുന്ന നിധി കണ്ടെടുക്കാൻ രണ്ട് ശിഷ്യരോടൊപ്പം പോയ ഉഗ്രകർമ്മാവിന് എന്തോ ഗുരുതരമായ അബദ്ധം പിണഞ്ഞു എന്നു മാത്രം അറിയാം — മടങ്ങി വന്നത് അയാൾ തനിച്ചാണ്; മന്ത്രസിദ്ധികൾ നഷ്ടമായിരുന്നു. അതിനു ശേഷം കുറേക്കാലം അയാളെപ്പറ്റി ആർക്കും ഒരു വിവരവും ഇല്ലാതെ കഴിഞ്ഞു. ഇപ്പോൾ പുതിയ പേരും പുതിയ രൂപവും സ്വീകരിച്ച് ചൈത്യകവനത്തിൽ നിഷാദരുടെ ഇടയിൽ മരുന്നും മന്ത്രപ്രയോഗങ്ങളും വിറ്റ് ഉപജീവനം കഴിക്കുകയാണ്. വനമദ്ധ്യത്തിലെ ഒരു ജീർണിച്ച കോട്ടയാണ് അയാളുടെ ആസ്ഥാനം. അസികേതുവിന്റെ കൈയിൽ ഒരറ്റത്ത് കഴുകന്റെ തലയോട്ടി ഘടിപ്പിക്കപ്പെട്ട ഒരു ദണ്ഡ് എല്ലായ്പ്പോഴും ഉണ്ടാകും. അതിന് മാന്ത്രികസിദ്ധികൾ ഉള്ളതായി അയാൾ അവകാശപ്പെടുന്നു.

ഇത്രയും വസ്തുതകൾക്കു പുറമേ മറ്റൊന്നു കൂടി ചാരന്മാർ അറിയിക്കുകയുണ്ടായി: അസികേതുവിന്റെ കൈവശമുള്ള ഒരു കൂട്ടിലടച്ച പഞ്ചവർണക്കിളി പണ്ട് താമ്രശിഖയിൽനിന്ന് അയാൾ തട്ടിക്കൊണ്ടു പോയ ഒരു സ്ത്രീയാണെന്ന് പറയപ്പെടുന്നു അത്രേ!

# അദ്ധ്യായം അഞ്ച്

ജീവലമഹർഷിയെ കണ്ട് മടങ്ങിയെത്തിയതിനു ശേഷം വൃന്ദയുടെ മനസ്സ് അസ്വസ്ഥമായിരുന്നു. ശാപമോക്ഷത്തിനെക്കുറിച്ചുള്ള തന്റെ അനുമാനം ശരിയാണെന്ന് അദ്ദേഹം വെളിപ്പെടുത്തിയതാണ് ആകെയുള്ള തെല്ല് സമാധാനം. പക്ഷേ ഉഗ്രശർമ്മാവിനെ നേരിടുന്നത് ഓർത്താണ് ആശങ്ക. ദസ്യുക്കൾ, കൃപാണികൾ, കാലകേയർ — ഇവരെയെല്ലാം താൻ യുദ്ധത്തിൽ പരാജയപ്പെടുത്തിയിട്ടുണ്ട്. പക്ഷേ അപ്പോഴൊക്കെ തന്നോടൊപ്പം മാഗധസൈന്യവും ഉണ്ടായിരുന്നു. ഈ ഏറ്റുമുട്ടൽ താൻ തനിച്ച് വേണം എന്നാണ് മഹർഷി പറഞ്ഞത്. ഉഗ്രകർമ്മാവിന്റെ സിദ്ധികൾ പൂർണമായും നഷ്ടപ്പെട്ടു എന്ന് വിശ്വസിക്കാനും പറ്റുന്നില്ല. അങ്ങനെയെങ്കിൽ സുജാതയ്ക്ക് പൂർവരൂപം തിരികെ കിട്ടേണ്ടതല്ലേ? ഒരു പക്ഷേ അയാളുടെ മരണത്തോടെ മാത്രം അഴിയുന്ന തരത്തിലുള്ള ഏതെങ്കിലും മന്ത്രബന്ധനമാവാം പ്രയോഗിച്ചിരിക്കുന്നത് എന്നാണ് സുഷേണന്റെ അഭിപ്രായം.

എന്തായാലും നാളെ പുലർച്ചയോടെ ചൈത്യകത്തിലേക്കുള്ള യാത്ര തുടങ്ങുകയാണ്. ഇനി ഒരാഴ്ചയ്ക്കു ശേഷമേ കാണാൻ ഒക്കു എന്ന് പദ്മയോടു പറഞ്ഞിരുന്നു. കാരണത്തിന് കുശസ്ഥലിയിൽ കാശിനാഥക്ഷേത്രത്തിലെ ഉത്സവത്തിനു പോകുകയാണെന്ന് ഒരു കള്ളവും. പാവം അവൾക്ക് എന്തൊരു സങ്കടമായിരുന്നു. "എന്നെ ഓർമ്മിക്കാൻ" എന്നു പറഞ്ഞ് അവളുടെ പ്രിയപ്പെട്ട മുരളിക തനിക്ക് സമ്മാനമായി തന്നപ്പോൾ കണ്ണു നിറയാതിരിക്കാൻ പെട്ട പാട് തനിക്കേ അറിയൂ. രാജധാനിയിൽനിന്ന് വടക്കൻ അതിർത്തിയിലേക്ക് ഒന്നര ദിവസത്തെ വഴി ദൂരമാണുള്ളത്. ഈ രാത്രി വിശ്രമത്തിനായുള്ളതാണ്. പക്ഷേ ഉറക്കം വരുന്നില്ലല്ലോ! ചിന്തകളാൽ നിഷേവിതയായി രാജകുമാരി തന്റെ പട്ടുതല്പത്തിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു.

---

യാത്രയുടെ ആദ്യദിവസം കനത്ത മഴയായിരുന്നു. കുചിരാനദിയിൽ വെള്ളപ്പൊക്കം ഉണ്ടായി പാലം ഒലിച്ചു പോയതിനാൽ പ്രതീക്ഷിച്ചതിലും ഒരുപാട് വൈകി മൂന്നാം ദിവസം അപരാഹ്നത്തോടെയാണ് നിഷാദഗ്രാമത്തിൽ എത്താൻ സാധിച്ചത്. മാന്ത്രികന്റെ കോട്ട കണ്ടെത്താൻ വൈഷമ്യം ഉണ്ടായില്ല. മാഗധത്തിന്റെ രാജകുമാരിയുടെ ആവശ്യം അറിഞ്ഞപ്പോൾ നിഷാദരുടെ മൂപ്പൻ നേരിട്ട് കൂടെ വന്നാണ് വഴി കാട്ടിത്തന്നത്. ആഴമേറിയ കിടങ്ങുകളാണ് കോട്ടയുടെ നാലു ചുറ്റിനും. അവയിൽ നീന്തി വിഹരിക്കുന്ന ആൾപ്പിടിയൻ മുതലകൾ!

കോട്ടയുടെ പുറത്തെ സ്ഥിതിഗതികൾ നേരത്തെ തന്നെ മനസ്സിലാക്കിയിരുന്നതിനാൽ ആ തടസ്സം മറികടക്കാനുള്ള മാർഗവും വൃന്ദ കണ്ടു വെച്ചിരുന്നു. കൈവശം കരുതിയിരുന്ന കയറിന്റെ ലോഹക്കൊളുത്ത് ഘടിപ്പിച്ചിരുന്ന അറ്റം ചുഴറ്റിയെറിഞ്ഞ് കോട്ടയുടെ ചുവരിൽ ഉടക്കി. രണ്ടു വട്ടം ആഞ്ഞ് വലിച്ചു നോക്കി ഉറപ്പ് പരീക്ഷിച്ചു. കിടങ്ങിന്റെ വക്കിൽനിന്ന് കയറിൽ തൂങ്ങിയാടി മറുകര പറ്റി.

ഇനിയാണ് ശരിക്കുള്ള പരീക്ഷണം. കോട്ടയുടെ ഉള്ളിൽ എന്തൊക്കെയാണുണ്ടാവുക എന്ന് ചാരന്മാർക്കു പോലും അറിയില്ലായിരുന്നു. അതിനുള്ളിൽ കടന്നവർ ആരും തന്നെ കഥ പറയാൻ തിരിച്ചു വന്നിട്ടില്ല; അസികേതു ഒഴികെ. എന്തു വന്നാലും നേരിടുക തന്നെ. സൗഹാർദപൂർണമായ ഒരു സ്വീകരണം പ്രതീക്ഷിച്ച് അല്ലല്ലോ താൻ വന്നത്.

അഞ്ച് ദണ്ഡ്[9]ത്തോളം ഉയരം വരുന്ന കോട്ടവാതിൽ തള്ളിത്തുറക്കാൻ നന്നേ പാടുപെട്ടു. കോട്ടയുടെ ഉള്ളിൽ കടന്ന രാജകുമാരി വൃന്ദയെ കാത്തിരുന്നത് ഇന്നോളം അവൾ കണ്ടിട്ടില്ലാത്ത ഒരു കാഴ്ചയായിരുന്നു: സിംഹത്തിനോളം വലിപ്പമുള്ള ഒരു ഇരുതലയൻ ചെന്നായ! കോട്ടയുടെ ഉൾവശത്തെ ഇരുളിൽ അതിന്റെ നാല് ചുവന്ന കണ്ണുകൾ തീക്കനൽ പോലെ തിളങ്ങി. അപ്രതീക്ഷിതമായി എത്തിയ അതിഥിയെ നോക്കി ആ ജന്തു ഒന്ന് മുരണ്ടു. ആദ്യത്തെ അമ്പരപ്പിൽ നിന്ന് മോചിതയായ വൃന്ദ ചുറ്റും നോക്കി. അവളുടെ കണ്ണുകൾ ഇരുട്ടുമായി പരിചയിച്ചപ്പോൾ വൃന്ദയ്ക്ക് ഒന്നു വ്യക്തമായി: ആ ചെന്നായയെ അതിന്റെ കഴുത്തിൽ കിടക്കുന്ന ഇരുമ്പുവളയത്തിൽ ഘടിപ്പിച്ച ചങ്ങലയിൽ കെട്ടി ഇട്ടിരിക്കുകയാണ്.

ഒരു വില്ലാളിക്ക് ബന്ധനത്തിലുള്ള മൃഗത്തിനെ ഭയക്കേണ്ട ആവശ്യമില്ല.

ചുമലിൽ തൂക്കിയിരുന്ന വില്ലെടുത്തു കുലച്ച് അമ്പെടുക്കാനായി ആവനാഴി തപ്പിയപ്പോഴാണ് അതു മനസ്സിലായത്. തൂണീരം എവിടെയോ നഷ്ടപ്പെട്ടിരിക്കുന്നു! എപ്പോഴാണ് അതു സംഭവിച്ചത്? യാത്രയ്ക്കിടയിലല്ല എന്നുറപ്പ്. കോട്ടയുടെ അടുക്കൽ എത്തുന്നതിന് തൊട്ടു മുൻപു വരെ അത് തന്റെ പക്കൽ ഉണ്ടായിരുന്നു. കിടങ്ങ് ചാടിക്കടന്നപ്പോൾ നഷ്ടപ്പെട്ടതായിരിക്കുമോ?

ചിന്തിച്ചു നിൽക്കാൻ സമയമില്ല. ആ ഹിംസ്രജന്തു തന്റെ നേർക്ക് മെല്ലെ അടുക്കുകയാണ്. വില്ല് ഉപേക്ഷിച്ച് അരയിൽ തൂക്കിയിട്ടിരുന്ന ഉടവാൾ ഉറയിൽനിന്ന് ഊരിയെടുത്ത് അതിനെ നേരിടാൻ സന്നദ്ധയായി. അപ്പോഴാണ് ചുറ്റിനും കത്തി നിൽക്കുന്ന പന്തങ്ങളിൽ ശ്രദ്ധ പതിഞ്ഞത്. അവയിൽ ഒന്ന് മറ്റേ കയ്യിൽ എടുത്തു. കുതിച്ചു ചാടാൻ ഒരുമ്പെട്ട് നിൽക്കുന്ന ചെന്നായയുടെ നേർക്ക് വീശി. ഒരു ഭീഷണരവം പുറപ്പെടുവിച്ചുകൊണ്ട് അത് ഒരടി പിന്നാക്കം മാറി. പക്ഷേ മുന്നിൽ കിട്ടിയ ഇരയെ അങ്ങനെ എളുപ്പം വിട്ടു കളയാൻ ആ മൃഗം തയ്യാറല്ലായിരുന്നു. ഒരിക്കൽക്കൂടി മുന്നോട്ടാഞ്ഞ അതിന്റെ മുൻകാലിനു നേർക്കാണ് വാൾ വീശാൻ ഇട കിട്ടിയത്.

പാദം അറ്റു വീണ ചെന്നായയുടെ ദീനരോദനം കോട്ടയുടെ കരിങ്കൽച്ചുവരുകളിൽ തട്ടി പ്രതിദ്ധ്വനിച്ചു.

വൃന്ദയുടെ ഖഡ്ഗം ഒരിക്കൽ കൂടി വായുവിൽ അർദ്ധചന്ദ്രാകൃതി തീർത്തു. ആ കരച്ചിൽ വീണ്ടും ഉയർന്നു. മുൻകാലുകൾ രണ്ടും നഷ്ടപ്പെട്ട ആ ജന്തുവിന് തന്റെ ആയുധത്തിന്റെ ഒരിക്കൽ കൂടിയുള്ള പ്രയോഗത്താൽ പ്രാണവേദനയിൽനിന്ന് നിത്യമോചനം നൽകിയതിനു ശേഷം കൈയിലിരുന്ന തീപ്പന്തം താഴെയിട്ട് കോട്ടയുടെ അന്തരാളത്തിലേക്ക് അവൾ നടന്നു. തന്നെ കാത്തിരിക്കുന്ന ശത്രുവിനെത്തേടി.

ചെന്നായ കാവൽ നിന്നിരുന്ന ഇടനാഴിയുടെ അങ്ങേയറ്റത്തുള്ള വാതിൽ കടന്ന് വൃന്ദ എത്തിയത് ഷഡ്കോണാകൃതിയിൽ ഉള്ള ഒരു വിശാലമായ തളത്തിലേക്കാണ്. അവിടെ കത്തിജ്വലിക്കുന്ന ഒരു ഹോമകുണ്ഡത്തിനു മുൻപിൽ അവൾ തേടി വന്ന ആൾ ഇരിക്കുന്നുണ്ടായിരുന്നു. കറുത്ത വേഷമണിഞ്ഞ ആ ധൂർജ്ജടിയായ സത്വത്തെ വൃന്ദ ആകമാനം ഒന്നു നോക്കി. വാർദ്ധക്യത്തിനോട് അടുത്തെങ്കിലും ഉറച്ച ശരീരം. അനാവൃതമായ വക്ഷസ്സിലും കൈകളിലും കാണുമാറാകുന്ന രോമക്കാട് കരടിയെ അനുസ്മരിപ്പിക്കുന്നു. വലംകൈയിൽ സന്തതസഹചാരിയായ, കഴുകന്റെ തലയോട്ടിയോടു കൂടിയ, മാന്ത്രികദണ്ഡ്. ഹോമാഗ്നിയുടെ വെട്ടത്തിൽ തിളങ്ങുന്ന മുഴുക്ഷൌണ്ഡിത്തല. മദ്യപിച്ചിട്ടെന്നതു പോലെ ചുവന്നു കലങ്ങിയ കണ്ണുകളിൽ ജ്വലിക്കുന്ന ക്രൗര്യം.

“നീ വന്നു, ഉവ്വോ?” അയാൾ അലറി.

താൻ നിൽക്കുന്ന ഇടത്തുനിന്ന് മന്ത്രവാദിയുടെ അടുത്തേക്ക് പത്തു ദണ്ഡമെങ്കിലും ദൂരം കാണുമെന്ന് വൃന്ദ അനുമാനിച്ചു. അയാളുടെ കണ്ണുകളിൽത്തന്നെ ദൃഷ്ടിയൂന്നിക്കൊണ്ട് അവൾ സാവധാനം വാൾ ഉറയിൽ തിരികെയിട്ടു. മന്ത്രപ്രയോഗമോ ചതിപ്രയോഗമോ ആണ് ശത്രു ഉദ്ദേശിക്കുന്നതെങ്കിൽ അടുത്തു നിന്നുള്ള

---

[9] 1.8 മീറ്റർ

പോരിനു മാത്രം ഉതകുന്ന ആ ആയുധംകൊണ്ട് കാര്യമായ പ്രയോജനമൊന്നും ഉണ്ടാവില്ല എന്നായിരുന്നു വൃന്ദയുടെ കണക്കുകൂട്ടൽ. ആവനാഴി നഷ്ടപ്പെട്ട നിമിഷത്തെ അവൾ മനസ്സിൽ ശപിച്ചു.

പൊടുന്നനെയായിരുന്നു അയാൾ ചാടിയെണീറ്റത്. അങ്കച്ചുവടു വെച്ച് വൃന്ദ ഒരു ആക്രമണം നേരിടാൻ സന്നദ്ധയായി നിന്നു. അസികേതു ഉച്ചത്തിൽ അട്ടഹസിച്ചു.

"ആഹാഹ്ഹഹ്ഹഹാ! ശക്തനായ അസികേതുവിനെ നേരിടാൻ ഒറ്റയ്ക്ക് വന്നിരിക്കുന്നു, ഒരു പീറപ്പെണ്ണ്! എന്റെ ത്രൈഗർത്തനെ നീ കൊന്നു; അവനു പകരം ആ ചങ്ങലയിൽ ഞാൻ നിന്നെയിട്ട് പൂട്ടും! ഈ മാന്ത്രികദണ്ഡിന്റെ ശക്തി എന്താണെന്ന് നിനക്ക് അറിയണോ? അറിയണോടീ?"

അടുത്ത ക്ഷണം ആ ദണ്ഡ് ഒരു കാളസർപ്പമായി മാറി. അതിനെ അസികേതു വൃന്ദയുടെ നേർക്ക് എടുത്തെറിഞ്ഞു. വൃന്ദയുടെ പ്രതികരണം അസികേതുവിന്റെ നീക്കങ്ങളെക്കാൾ ചടുലമായിരുന്നു. തനിക്കു നേരെ വന്ന പാമ്പിന്റെ കഴുത്തിൽ ഇടംകൈകൊണ്ടു പിടുത്തമിട്ട് അവൾ വലംകൈയാൽ എളിയിൽ തിരുകിയിരുന്ന കഠാര എടുത്ത് അസികേതുവിന്റെ നെഞ്ചിനു നേർക്ക് എറിഞ്ഞു. ആ ആയുധം ലക്ഷ്യത്തിൽത്തന്നെ ചെന്നു തറച്ചു. മന്ത്രവാദി ഒരു ഞരക്കത്തോടെ നിലത്തേക്കു വീണു. സർപ്പത്തെ ദൂരത്തേക്കു വലിച്ചെറിഞ്ഞ് വൃന്ദ അസികേതുവിന്റെ സമീപമെത്തി വാൾ എടുത്ത് ഉയർത്തി വീശി. ആ ദുഷ്ടന്റെ ശിരസ്സും ഉടലും വേർപെട്ടു.

സിരകളിൽ ഇരച്ചു കയറിയ സമരവീര്യത്തിന്റെ വിറയൽ മാറാതെ അവൾ അസികേതുവിന്റെ പിടയ്ക്കുന്ന ശരീരത്തിലേക്കും അറ്റു കിടക്കുന്ന ശിരസ്സിലേക്കും അവിശ്വസനീയതയോടെ മാറി മാറി നോക്കിക്കൊണ്ട് നിന്നു. ഇത്രയേ ഉള്ളൂവോ താൻ ഭയന്ന ഏറ്റുമുട്ടൽ? ഒരിക്കൽ മൂന്ന് ജനപദങ്ങളെ വിറപ്പിച്ചിരുന്ന ഭീകരനായ മന്ത്രവാദിയെ ഇത്ര നിസ്സാരമായി തനിക്ക് വധിക്കാൻ കഴിഞ്ഞെന്നോ?

അസികേതുവിന്റെ ദേഹം നിശ്ചലമായി. ഇനി സുജാതയെ കണ്ടുപിടിക്കണം. തളത്തിന്റെ ആറു വശങ്ങളിലും താൻ കടന്നു വന്നതു പോലെയുള്ള ഓരോ വാതിൽ കാണാം. അവയിൽ തന്റെ നേരെ മുൻപിലുള്ളതിനു നേർക്ക് വൃന്ദ ഏതാനും ചുവടുകൾ വെച്ചപ്പോഴായിരുന്നു അതുണ്ടായത്.

കോട്ടച്ചുവരുകളെ നടുക്കിക്കൊണ്ട് ഒരു പൊട്ടിച്ചിരി മുഴങ്ങി. അസികേതുവിന്റെ കൊലച്ചിരി!

ഞെട്ടിത്തരിച്ച് വൃന്ദ തിരിഞ്ഞു നോക്കി. അല്ല. ഇതു തന്റെ തോന്നലല്ല. അസികേതുവിന്റെ ഉടലിൽ നിന്നു വേറിട്ട് നിലത്തു കിടക്കുന്ന ശിരസ്സ് വീണ്ടും വീണ്ടും അട്ടഹസിക്കുകയാണ്.

"വിഡ്ഢിപ്പെണ്ണേ! എന്നെ തോൽപ്പിച്ച് കടന്നു കളയാമെന്ന് നീ വിചാരിച്ചോ? അസികേതുവിന് മരണമില്ല! ചിരംജീവിയാണു ഞാൻ — ചിരംജീവി!"

വൃന്ദയെ പരിഹസിച്ചുകൊണ്ട് ആ ശിരസ്സ് പിന്നെയും ആർത്തു ചിരിച്ചു.

എന്തോ നിശ്ചയിച്ചുകൊണ്ട് എന്നതു പോലെ രാജകുമാരി സാവധാനം തന്റെ വാൾ ഉറയിലിട്ടു. പിന്നെ അസികേതുവിന്റെ ശിരസ്സിനു നേർക്ക് നടന്നടുത്തു.

"നിനക്ക് മരണമില്ല, അല്ലേടാ?" രൗദ്രത്തിന്റെ മൂർദ്ധന്യത്തിലെ ശാന്തതയുടെ തണുപ്പും മൂർച്ചയും ആയിരുന്നു അവളുടെ ശബ്ദത്തിന്.

"അതേടീ കൊടിച്ചിപ്പട്ടീ!" ശിരഃമാത്രനായ അസികേതു അലറി. "എന്റെ ഈ ശിരസ്സിനു താഴെ പുതിയ ഒരു ശരീരം ഞാൻ സൃഷ്ടിക്കും! എന്നിട്ട് — എന്നിട്ട്! നിന്നെയും നിന്റെ കുലത്തെയും നിന്റെ നാടിനെയും നശിപ്പിക്കും ഞാൻ — ഒരു പുൽനാമ്പു പോലും അവശേഷിക്കാതെ!"

ഇമ ചിമ്മുന്ന നേരത്തിനിടയിലായിരുന്ന വൃന്ദയുടെ നീക്കം; കാല്വ കൊണ്ട് ഒരൊറ്റത്തട്ടിന് ആ മൂർഖശിരസ്സിനെ അവൾ ഹോമകുണ്ഡത്തിലിട്ടു! അല്പം മുൻപു വരെ അസികേതുവിന്റെ അട്ടഹാസം കേട്ട് നടുങ്ങിയ കോട്ടച്ചുവരുകൾ ഇപ്പോൾ അയാളുടെ നിലവിളി കേട്ട് കിടുങ്ങി വിറച്ചു. ആ രോദനം നിലച്ചപ്പോൾ കലിയടങ്ങിയ സംതൃപ്തിയുടെ മന്ദസ്മിതത്തോടെ വൃന്ദ തിരിഞ്ഞ് വീണ്ടും കോട്ടയുടെ ഉള്ളിലേക്ക് നടന്നു. അവൾ മനസ്സിൽ പറഞ്ഞു: "അല്ലയോ ചിരംജീവിയായ മന്ത്രവാദീ, അങ്ങ് ഈ കോട്ടയുടെ ഇരുട്ടിൽ ഒരു തലയോട്ടിയായി എന്നെന്നും ജീവിച്ചോളൂ — ആരുടെയും ശല്യമില്ലാതെ, ആർക്കും ഒരുപദ്രവവും ചെയ്യാതെ!"

കോട്ടയിലെ എണ്ണമറ്റ ഇടനാഴികളും തളങ്ങളും വാതിലുകളും മുറികളും വൃന്ദ പരിശോധിച്ചു. പലതും ശൂന്യമായിരുന്നു. ചില മുറികളിൽ പൂജാഹോമാദികൾക്കുള്ള സാമഗ്രികൾ. ചിലത് ഔഷധക്കൂട്ടുകൾ നിർമ്മിക്കാനുള്ള മരുന്നുപുരകൾ. ധാന്യങ്ങൾ സംഭരിച്ചു വെച്ചിട്ടുള്ള കലവറകൾ. ശയനഗൃഹങ്ങൾ. ഒരു മുറിയിൽ വസ്ത്രങ്ങൾ സൂക്ഷിക്കാനുള്ള ഒരു കപാടികയും അവൾ കണ്ടു. അവിടെനിന്ന് ഇറങ്ങാൻ ഭാവിച്ച വൃന്ദ പെട്ടെന്ന് ഒരു നിമിഷം എന്തോ ഓർത്ത് നിന്നതിനു ശേഷം തിരിച്ചു ചെന്ന് കപാടികയിൽനിന്നും ഏതാനും ചേലകൾ എടുത്ത് കൈയിൽ പിടിച്ചു. എന്നിട്ട് വീണ്ടും പര്യവേക്ഷണം തുടർന്നു.

ഒടുവിൽ അവയിലൊന്നിൽ അവൾ ഒരു മനുഷ്യജീവിയെ കണ്ടു. ഒരു സ്ത്രീ. നിലത്ത് കാൽമുട്ടുകളിൽ ശിരസ്സർപ്പിച്ച് കണങ്കാലുകളിൽ കൈകൾ പിണച്ചു വെച്ച് ഇരിക്കുന്നു. മുൻപോട്ട് വീണു കിടക്കുന്ന മുടിയിഴകളിൽ ഏതാനും വെള്ളിവരകൾ. നഗ്നയാണ്.

വൃന്ദയുടെ ഹൃദയം ധ്രുതഗതിയിൽ മിടിച്ചു. ഇതു തന്നെയാവുമോ പദ്മയുടെ അമ്മ?

"സ് — സുജാത അമ്മായീ?" അവൾ വിളിച്ചു.

അയാൾ മുഖം തെല്ല് ഉയർത്തി വൃന്ദയെ നോക്കി. അതോടെ രാജകുമാരിയുടെ സംശയം തീർന്നു. പദ്മയ്ക്ക് ഇരുപത്-ഇരുപത്തിയഞ്ച് വയസ്സ് പ്രായം കൂടിയാൽ എങ്ങനെയുണ്ടാകുമോ അതേ മുഖച്ഛായ!

"ഞാൻ നിങ്ങളെ രക്ഷപെടുത്തിക്കൊണ്ടു പോകാൻ വന്നതാണ്." വൃന്ദ പറഞ്ഞു. കയ്യിലിരുന്ന വസ്ത്രങ്ങൾ അവൾ സുജാതയുടെ നേർക്കു നീട്ടി. "ഇതു ധരിച്ചോളൂ. അസി — ഉഗ്രകർമ്മാവ് മരിച്ചു; ഇനി പേടിക്കേണ്ട."

വൃന്ദ നീട്ടിയ ഉടുപുടവകൾ അയാൾ സ്വീകരിച്ചില്ല; രിക്തമായ മുഖഭാവത്തോടെ അവളെ നോക്കിക്കൊണ്ട് നിശ്ചലമായി അതേ ഇരുപ്പ് തുടർന്നു.

വൃന്ദ ഉണി താഴെയിട്ടിട്ട് കടിബന്ധത്തിനിടയിൽ തിരുകിയിരുന്ന ഓടക്കുഴൽ എടുത്തു — പദ്മ സമ്മാനിച്ച അതേ ഓടക്കുഴൽ. അതിനെ ചുണ്ടോടു ചേർത്ത് അവൾ അതിൽ പദ്മയുടെ പ്രിയപ്പെട്ട ആ ഈണം വായിക്കാൻ തുടങ്ങി. അതു കേൾക്കവേ സുജാതയുടെ ശൂന്യമായ മിഴികളിൽ മെല്ലെ തിരിച്ചറിവിന്റെ തിളക്കം കടന്നു വരുന്നത് രാജകുമാരിക്ക് കാണാൻ കഴിഞ്ഞു. കൈ നീട്ടി നിലത്തു കിടന്ന വസ്ത്രം എടുത്ത് പുതച്ചുകൊണ്ട് അയാൾ പതിയെ എണീറ്റു.

സുജാതയുടെ സുവൃത്തിയെ മാനിച്ച് വൃന്ദ തിരിഞ്ഞു നിന്നു.

ചുമലിൽ ഒരു തണുത്ത കരസ്പർശമേറ്റാണ് അവൾ മുരളീവാദനം നിർത്തി വീണ്ടും തിരിഞ്ഞു നോക്കിയത്. മാർക്കച്ചയും ചേലയും ധരിച്ച് സുജാത ജിജ്ഞാസയോടെ വൃന്ദയെത്തന്നെ നോക്കി നിൽക്കുകയായിരുന്നു.

“ഇത് എന്റെ പദ്മയെ ഞാൻ പഠിപ്പിച്ച പാട്ടാണല്ലോ,” അയാൾ ഇടറുന്ന ശബ്ദത്തിൽ പറഞ്ഞു, “പക്ഷേ … നീ പദ്മയല്ല. എന്റെ മകൾ കറുത്ത സുന്ദരിയായിരുന്നു. നീ വെളുത്ത സുന്ദരിയാണ്. ആരാണു നീ, മോളേ? എന്റെ താമരക്കുട്ടിയെ നീ അറിയുമോ?”

താമരക്കുട്ടി എന്നത് പദ്മയെ സുജാത വിളിച്ചിരുന്ന ചെല്ലപ്പേരാണെന്ന് വൃന്ദ ഊഹിച്ചു.

“ഞാൻ പദ്മയുടെ കൂട്ടുകാരിയാണ് സുജാത അമ്മായീ. പേര് കീർത്തി. ഞാൻ അമ്മായിയെ അവളുടെ അടുക്കൽ കൂട്ടിക്കൊണ്ടു പോകാൻ വന്നതാണ്.”

സുജാത ഒരു നിമിഷം മൗനിയായി. എന്നിട്ട് ചോദിച്ചു: “അവൻ ശരിക്കും മരിച്ചു, അല്ലേ? ആ മന്ത്രവാദി?”

“ഉവ്വ് അമ്മായീ.” അവൾ സുജാതയുടെ നേർക്ക് കൈ നീട്ടി. “വരൂ എന്റെ കൂടെ, പദ്മ അവളുടെ അമ്മയെ കാത്തിരിക്കുകയാണ്.”

നിറഞ്ഞ് തുളുമ്പാറായ കണ്ണുകളോടെ സുജാത ആ കരം ഗ്രഹിച്ചു.

# അദ്ധ്യായം ആറ്

ചാരിതാർഥ്യം എന്ന വാക്കിന്റെ അർഥം എന്തെന്ന് കീർത്തി തികച്ചും മനസ്സിലാക്കിയ സന്ദർഭമായിരുന്നു പദ്മ-സുജാതമാരുടെ പുനഃസമാഗമം. അമ്മയെ മകളുടെ അടുക്കൽ കൊണ്ടാക്കിയിട്ട് അവരുടെ അദ്ഭുതത്തിനും സ്നേഹപ്രകടനങ്ങൾക്കും എല്ലാം സാക്ഷ്യം വഹിച്ച് ഒടുവിൽ കൊട്ടാരത്തിലേക്ക് മടങ്ങിപ്പോകാൻ കീർത്തി ഒരുങ്ങുമ്പോഴും പദ്മയുടെ മിഴികളിൽനിന്ന് ആനന്ദക്കണ്ണുനീർ നിലച്ചിരുന്നില്ല.

“താമരക്കുട്ടീ, നീ കുചിരാനദിയിൽ ഇനിയും വെള്ളപ്പൊക്കം ഉണ്ടാക്കുമോ?” അവളെ കീർത്തി കളിയാക്കി.

പദ്മ അവളെ ഉടുമ്പ് ഇറുക്കുന്നതു പോലെ കെട്ടിപ്പിടിച്ചു.

“എന്റെ മുത്തേ ... നിനക്ക് ഞാനെങ്ങനെയാണെടീ നന്ദി പറയുക ... എന്റെ, എന്റെ, എന്റെ പൊന്നുമോളേ ... നിന്നെയെനിക്ക് മഹാദേവനാണു കൊണ്ടുത്തന്നത്! നിനക്ക് എന്തു വേണം ...എന്നെത്തന്നെ ഞാൻ നിനക്ക് തരട്ടേ?” സ്നേഹവും കൃതജ്ഞതയും സന്തോഷവും എല്ലാംകൊണ്ട് അവൾ പിന്നെയും എന്തൊക്കെയോ പുലമ്പി. ഏറെ നേരം അങ്ങനെ ആലിംഗനബദ്ധയാക്കി നിർത്തിയതിനു ശേഷമാണ് പദ്മ അവളെ മോചിപ്പിച്ചത്.

കീർത്തി ശ്വാസം നേരെ വിട്ടു. “ഹൊ, കൊന്നല്ലോ നീ എന്നെ!”

പദ്മ കണ്ണുകൾ തുടച്ച് മന്ദഹസിച്ചു.

“ഇനി ഒരാഴ്ച കഴിഞ്ഞ് കാണാമേ.” കീർത്തി പറഞ്ഞു.

“ഇനിയുമോ?” പദ്മ പരിഭവിച്ചു.

“മകൾക്ക് അമ്മയെ തിരിച്ചു കിട്ടി, സുജാത അമ്മായിക്ക് മകളെയും ഭർത്താവിനെയും തിരിച്ചു കിട്ടി, ഇതൊക്കെ എല്ലാവരും ചേർന്ന് ആഘോഷിക്കേണ്ട സമയമല്ലേ ഇത്? അതു കഴിഞ്ഞ് ഞാൻ വരാമെന്നേ.”

“ആഘോഷങ്ങളിൽ വിശിഷ്ടാതിഥിയായി പങ്കു ചേരാൻ ഇതിന് ഒക്കെ കാരണക്കാരിയായ ആൾ കൂടി വേണ്ടേ?”

കീർത്തി അതിന് മറുപടി പറഞ്ഞില്ല. പകരം അവൾ പദ്മയുടെ ഇരു കവിളുകളിലും മാറി മാറി ഉമ്മ വെച്ചു; അവളുടെ കൈയിൽ പിടിച്ച് മൃദുവായി അമർത്തി. കീർത്തിയുടെ ഇഷ്ടം മൗനമായി അംഗീകരിച്ചുകൊണ്ട് പദ്മ മന്ദസ്മിതം തൂകി.

---

തങ്ങളുടെ പതിവ് സംഗമസ്ഥലത്തേക്ക് പോകുമ്പോൾ കീർത്തി വല്ലാതെ ഉദ്വിഗ്നയായിരുന്നു. ഒരാഴ്ച കഴിഞ്ഞ് കാണുകയാണ്. പദ്മയുടെ സ്നേഹപ്രകടനം എങ്ങനെ ആയിരിക്കുമോ എന്തോ! ഒരു പടച്ചട്ട ധരിച്ചുകൊണ്ട് പുറപ്പെടാമായിരുന്നു. ഇത്രയും നാൾ അവളുമായി കാണാതെയും മിണ്ടാതെയും എങ്ങനെ പിടിച്ചുനിന്നെന്ന്

എനിക്കേ അറിയൂ. ഞാൻ അവളെ എന്നതു പോലെ അവൾ എന്നെയും വിധുരിച്ചു കാണുമോ? ശ്ശെ, എന്തൊരു മണ്ടിയാണ് ഞാൻ. എത്രയോ വർഷങ്ങൾക്കു ശേഷം കണ്ടുകിട്ടിയ അമ്മയുള്ളപ്പോൾ ഇന്നലെ കണ്ട കൂട്ടുകാരിയെ എങ്ങനെ ഓർമ്മിക്കാൻ! ഇങ്ങനെ ഒക്കെ ചിന്തിക്കുന്നതു തന്നെ എന്റെ സ്വാർഥതയല്ലേ? പാവം. അവൾ സന്തോഷവതിയാണല്ലോ. അതു മതി എനിക്ക്.

ആൽമരത്തിനു ചുവട്ടിൽ പദ്മ അവളെ കാത്ത് നിൽപ്പുണ്ടായിരുന്നു. കുതിരപ്പുറത്തുനിന്ന് ഇറങ്ങി അടുത്തു വന്ന കീർത്തിയെ അവൾ കെട്ടിപ്പുണർന്നു. ഏതാനും നിമിഷങ്ങൾക്കു ശേഷം അകന്നു മാറിയിട്ട് പദ്മ അവളുടെ കൈകളിൽ കൈകൾ കോർത്ത്, മിഴികളിൽ മിഴികൾ കോർത്ത്, ഏറെ നേരം നിന്നു.

"നിന്നെ ഞാൻ എത്ര വിരഹിച്ചെന്ന് അറിയുമോ പൊട്ടിപ്പെണ്ണേ!" ഒടുവിൽ അവൾ വിതുമ്പുന്നതു പോലെ പറഞ്ഞു.

"ഞാൻ നിന്നെയും, എന്റെ മോളേ!" കീർത്തി പദ്മയെ വലിച്ചടുപ്പിച്ച് വീണ്ടും ഇറുകെ ആലിംഗനം ചെയ്തു. നിറഞ്ഞു വന്ന കണ്ണുകൾ പദ്മ അറിയാതെ അവൾ തുടച്ചു.

കൈകൾ കോർത്തു പിടിച്ച് ആ സ്നേഹിതകൾ വീണ്ടും തങ്ങളുടെ സ്വകാര്യദ്യോവായ ആ മലമുകളിലെ തടാകക്കരയിലേക്ക് പുറപ്പെട്ടു. വഴി നീളെ പദ്മ വെള്ളച്ചാട്ടം പോലെ സംസാരിച്ചുകൊണ്ടേയിരുന്നു. അമ്മ തിരിച്ചു വന്നതിനു ശേഷമുള്ള വിശേഷങ്ങളെക്കുറിച്ച്; പുരോവസുവിനുണ്ടായ അദ്ഭുതത്തെയും സന്തോഷത്തെയും കുറിച്ച്; വാർത്ത അറിഞ്ഞ് എത്തിയ ബന്ധുജനങ്ങളും നാട്ടുകാരും ചേർന്ന് വീട്ടിലുണ്ടാക്കിയ ഉത്സവപ്രതീതിയെക്കുറിച്ച്; ഉഗ്രകർമ്മാവിനെ തോൽപിച്ച വീരയോധിയെ കാണാൻ പറ്റാത്തതിൽ അവർക്കെല്ലാം ഉണ്ടായ നൈരാശ്യത്തെക്കുറിച്ച്; എല്ലാം അവൾ ഒറ്റശ്വാസത്തിൽ കീർത്തിയെ പറഞ്ഞു കേൾപ്പിച്ചു. അവളെയും വലിച്ചുകൊണ്ട് പദ്മ നടക്കുകയല്ല; തുള്ളിച്ചാടി പറക്കുകയായിരുന്നു.

ഉദ്ദിഷ്ടസ്ഥലത്ത് എത്തി പതിവുപോലെ ദിഗംബരകളായി ജലക്രീഡകളിൽ മുഴുകുമ്പോഴും അതിനു ശേഷം കരയ്ക്കു കയറി അതേ പടി കാറ്റുകൊണ്ട് സല്ലപിച്ച് ഇരിക്കുമ്പോഴും പദ്മയുടെ പെരുമാറ്റത്തിൽ എന്തോ ഒരു വ്യത്യാസം കീർത്തിക്ക് അനുഭവപ്പെട്ടു. താൻ പ്രതീക്ഷിച്ചതു പോലത്തെ ഉത്സാഹം പുറമേ കാണാനില്ല. എന്നാൽ കണ്ണുകളിൽ എന്തോ — എന്താണത്? കുസൃതിയോ രഹസ്യമോ അതു പോലെ എന്തോ ഒന്ന് — ഉള്ളിൽ അടക്കിയ ഭാവം പ്രകടമാണ് താനും. പദ്മയെ ശരിക്ക് അറിയില്ലായിരുന്നെങ്കിൽ ഒരു പക്ഷേ അതിനെ നാണമായി താൻ തെറ്റിദ്ധരിച്ചേനെ!

"താമരക്കുട്ടീ . . . ." സംഭാഷണത്തിനിടയ്ക്കു വന്ന ഒരു മൗനത്തിന്റെ ഇടവേളയിൽ കീർത്തി കൂട്ടുകാരിയെ കൊഞ്ചിച്ചു വിളിച്ചു.

ആ വിളിയുടെ ഈണം കേട്ടപ്പോഴേ പദ്മയുടെ കവിളുകൾ തെല്ലൊന്നു തുടുത്തത് അവൾ ശ്രദ്ധിക്കാതിരുന്നില്ല.

"എന്താണ് മോളേ പ്രശസ്തീ?" പദ്മ അവൾക്ക് ഇട്ട ചെല്ലപ്പേരാണത് — കീർത്തി എന്ന പദത്തിന്റെ പര്യായം.

"നിനക്കെന്തോ എന്നോട് പറയാനുള്ളതു പോലെ തോന്നുന്നു?"

പദ്മയ്ക്കു മൗനം. അവൾ കീർത്തിയുടെ മുഖത്തേക്ക് നോക്കാതെ അവളുടെ കരതലം ഗ്രഹിച്ച് വിദൂരതയിലേക്ക് മിഴികൾ നട്ട് ഒരു നിഗൂഢസ്മിതം തൂകി.

വരാൻ പോകുന്നത് എന്തെന്ന് രണ്ടു പേർക്കും ഏതാണ്ട് മനസ്സിലായി. ഇനി അത് വാക്കുകളാൽ ആവിഷ്കരിക്കുക എന്ന കടമ്പയാണ് ശേഷിക്കുന്നത്. അതിനാണല്ലോ പ്രയാസം!

“പറയെടാ കുട്ടാ!” ചിലപ്പോഴൊക്കെ അവർ സ്നേഹക്കൂടുതൽ കാണിക്കാൻ പരസ്പരം പുല്ലിംഗത്തിൽ സംബോധന ചെയ്യുമായിരുന്നു.

“ഞാൻ ഒരു കാര്യം ചോദിച്ചോട്ടേ?”

“ഒന്നല്ല, നൂറു കാര്യം ചോദിച്ചോളൂ!”

“എന്നെ എത്രയും ഇഷ്ടമുണ്ട്?”

“എന്തേ, ഇപ്പോൾ അങ്ങനെ ചോദിക്കാൻ?”

“പറ!”

“എന്റെ ഏറ്റവും, ഏറ്റവുമേറ്റവും ഉറ്റ കൂട്ടുകാരി, ആത്മസഖി, ജീവന്റെ ജീവൻ, ഒക്കെ നീയാണ്. പോരേ?”

“അതല്ല … .”

“ഏത്?”

“വെറും കൂട്ടുകാരിയായിട്ടുള്ള ഇഷ്ടമേ ഉള്ളൂ?”

“പിന്നെ … ?”

“എന്നെ … .” പദ്മയുടെ മുഖം ലജ്ജ കൊണ്ട് ചുവന്നു. അതിനുള്ള കാരണം അറിയാമായിരുന്നിട്ടു കൂടി കീർത്തിക്ക് ആശ്ചര്യം വന്നു. മഞ്ഞിന് ചൂടെന്നു പറയുന്നതു പോലെ പദ്മയ്ക്ക് നാണം!

“ഉം … ?” കീർത്തി അവളെ തുടരാൻ പ്രേരിപ്പിച്ചു.

ഒരു നിശ്വാസം പോലെയായിരുന്നു പദ്മ മന്ത്രിച്ചത്: “… ഒരു കാമുകിയായി ഇഷ്ടപ്പെടുന്നില്ലേ നീ?”

“ങേ, എന്ത്?” കീർത്തിക്ക് അവളുടെ വാക്കുകൾ കേൾക്കാൻ കഴിഞ്ഞില്ല; പക്ഷേ അവയുടെ അർഥം അവൾ ശരിയായിത്തന്നെ ഊഹിച്ചിരുന്നു.

“പോ!”

“പറ!”

“നിന്നോടെനിക്ക് പ്രണയമാണെന്ന്!”

തന്നിലുള്ള ധൈര്യം മുഴുവൻ സംഭരിച്ച് അതു പറഞ്ഞു കഴിഞ്ഞ ക്ഷണം പദ്മ ഇരുകൈകളാലും മുഖം പൊത്തി. തരളിതയായ കീർത്തി പദ്മയുടെ അടുത്തേക്കു നീങ്ങിയിരുന്ന് അവളെ മാറോടു ചേർത്ത് പുണർന്നു.

“എനിക്കും അതെ, എന്റെ പൊന്നുമോളേ … എനിക്കും ഇഷ്ടമാണ് … അനുരാഗമാണ് നിന്നോട് … .” അവൾ വിതുമ്പി.

പദ്മയും വിങ്ങിപ്പൊട്ടുകയായിരുന്നു. ഈ സത്യം തുറന്നു പറയാൻ വേണ്ടി എത്രയോ നാളുകളായി താൻ അനുഭവിച്ച അന്തഃസംഘർഷം! ആത്മവേദന! എല്ലാത്തിനും ഒടുവിൽ അവൾ സമ്മതിച്ചല്ലോ … ദേവഗണങ്ങളേ, കാലമേ, കാനനമേ, ഗിരിശൃംഗമേ, തടാകമേ, സർവചരാചരങ്ങളേ — നിങ്ങൾക്കു നന്ദി … എന്റെ പ്രിയപ്പെട്ടവളെ നിങ്ങൾ എനിക്കു തന്നല്ലോ … .

കണ്ണീർ അടങ്ങിയിട്ടും ഏറെ നേരം പദ്മ കാമുകിയുടെ നെഞ്ചിൽ പറ്റിച്ചേർന്ന് കിടന്നു. ഇവൾ എന്റെയാണ്! അവൾക്ക് ലോകത്തിനോട് വിളിച്ചു കൂവാൻ തോന്നി. കീർത്തിയുടെ കരച്ചിലും തീർന്നിരുന്നു. പദ്മയെപ്പോലെ തന്നെ ഉള്ളിൽ ഒതുക്കിയ പ്രണയം പ്രിയപ്പെട്ടയാളെ അറിയിക്കാൻ ബുദ്ധിമുട്ടുകയായിരുന്നല്ലോ ഇക്കാലമത്രയും അവളും. ഒടുവിൽ തങ്ങൾക്കിടയിലെ ആ ഉഭയപ്രതിബന്ധം പൊളിക്കാൻ പദ്മയാണ് മുൻകൈ എടുത്തത്. ഉഗ്രകർമ്മാവിനെ നേരിടുക എന്നതിനെക്കാൾ വൈഷമ്യം പിടിച്ച ആ കൃത്യം നിർവഹിച്ച അവളല്ലേ യഥാർഥത്തിൽ തന്നെക്കാൾ ധൈര്യശാലി? പദ്മയോട് സ്നേഹത്തോടൊപ്പം എന്തെന്നില്ലാത്ത നന്ദിയും മതിപ്പും കീർത്തിക്ക് തോന്നി.

ഒടുവിൽ പദ്മ ആലിംഗനത്തിൽ നിന്ന് അകന്നപ്പോൾ കീർത്തിയുടെ മാറിടത്തിൽ അവളുടെ കണ്ണീർ വീണ് ഉണങ്ങിയ പാടുകൾ ശേഷിച്ചു.

“സരസിജമധു[10]!” അത് ചൂണ്ടിക്കാട്ടി കീർത്തി പദ്മയെ കളിയാക്കി.

മുഖം തുടുച്ച് പദ്മ മന്ദഹസിച്ചു. പിന്നെ മെല്ലെ ആ പാടുകൾക്കു മീതെ ചുണ്ടുകൾ ചേർത്തു. തന്റെ നഗ്നമേനിയിൽ പ്രണയിനിയുടെ അധരസ്പർശമേറ്റപ്പോൾ കീർത്തിയുടെ ഉടലാസകലം തരിച്ചുണർന്നു. അടക്കിയ ഒരു ഏങ്ങൽ പോലെ അവൾ ശ്വാസമെടുത്തു പോയി. പദ്മയുടെ ചുണ്ടുകൾ മെല്ലെ കീർത്തിയുടെ മുലകളെ തേടി നീങ്ങി; അവയിൽ മുത്തമിട്ടു; മുലക്കണ്ണുകൾ അരുമയോടെ കുടിച്ചു. കീർത്തിയുടെ കൈ സ്വയം അറിയാതെ പദ്മയുടെ ശിരസ്സിൽ തലോടിക്കൊണ്ട് അവളെ തന്നിലേക്ക് കൂടുതൽ അടുപ്പിച്ചു.

കീർത്തിയുടെ മാറിൽനിന്ന് മുഖമുയർത്തി പദ്മ അവളുടെ കണ്ണുകളിലേക്ക് ഉറ്റു നോക്കി. നമ്മൾ എന്താണ് ഈ ചെയ്യുന്നത്? രണ്ട് മിഴിയിണകൾ തമ്മിൽ ചോദിച്ചു. മിഴിയിണകൾ തന്നെ ഉത്തരവും പറഞ്ഞു. നീയും ഞാനും. കൂട്ടുകാരികൾ. കമിതാക്കൾ. നമ്മുടെ ശരീരങ്ങൾ പരസ്പരം അറിയുകയാണ്, അനുഭവിക്കുകയാണ്, ഒന്നായി ഇഴുകിച്ചേരുകയാണ്. നമ്മൾ ഭോഗിക്കുകയാണ്. എന്റെ ജീവനേ! നിന്നെ എനിക്ക് തരൂ; എനിക്ക് സുഖം പകരൂ; ഞാൻ തരും സുഖം സ്വീകരിക്കൂ; എന്നെ നിന്റേതാക്കൂ.

ഉരുണ്ട വെള്ളാരങ്കല്ലുകളുടെ പരവതാനിമേൽ കീർത്തി തന്നെത്താൻ വിരിച്ചു. അവളുടെ ഉടലിൽ, അഴകിൽ, നഗ്നതയിൽ പദ്മ തന്നെത്താൻ പുതച്ചു. സ്തനപാനത്തിന്റെ നിർവൃതിയിൽ കീർത്തി അമ്മയും പദ്മ കുഞ്ഞുമായി. മനസ്സു നിറഞ്ഞപ്പോൾ കീർത്തി പദ്മയെ പിടിച്ചു താഴെ കിടത്തിയിട്ട് അവൾക്കു മേൽ പടർന്നു. ആർത്തിയോടെ അവളുടെ മാറിലെ നിറകുചങ്ങൾ ഓരോന്നും മാറി മാറി വായിലാക്കി നുണഞ്ഞു കുടിച്ചു. കൈകളാൽ അവയെ അമർത്തിയും ഞെട്ടുപൂകളിൽ തലോടിയും അവൾക്ക് പുളകോന്മാദം പകർന്നു.

“കീർത്തീ, എന്റെ കീർത്തീ, എന്റെ മോളേ … .” പദ്മ സ്വയം മറന്ന് കുറുകി.

---

10 താമരപ്പൂന്തേൻ

പ്രിയതമയുടെ മാറിടത്തിലെ പ്രേമലീലകൾ മതിയാക്കി കീർത്തി അവളുടെ കവിളുകളിലും കണ്ണുകളിലും നെറ്റിയിലും ചുംബനങ്ങൾ വർഷിച്ചു. പദ്മയുടെ ചുണ്ടുകളെ അവളുടെ ചുണ്ടുകൾ തടവിലാക്കി. ഉത്കടമായ വികാരാവേഗത്തോടെ അവർ വീണ്ടും വീണ്ടും ശ്വാസം മുട്ടുവോളം പരസ്പരം ചുംബിച്ചു.

"എന്റെ താമരേ . . . ." പദ്മയുടെ മുഖം കൈകളിൽ കോരിയെടുത്ത് കീർത്തി വിളിച്ചു.

"ഉം . . . ." അവൾ വിളി കേട്ടു.

കീർത്തി പദ്മയുടെ മുഖമാകെ ഉമ്മകളാൽ പൊതിഞ്ഞു. "നിന്നെ ഞാൻ കടിച്ചു തിന്നോട്ടേടീ?" കാതിൽ പ്രണയാർദ്രമായി മന്ത്രിച്ചു.

"മ്ം . . . ." അവൾ കൊഞ്ചി.

കീർത്തി അവളുടെ ഉടലിലൂടെ താഴേക്കിറങ്ങി. അവൾ തന്റെ വയറിൽ ഉമ്മ വെച്ചപ്പോൾ പദ്മ ഇക്കിളിപൂണ്ട് ഏങ്ങിയേങ്ങിച്ചിരിച്ചു. പദ്മയുടെ നാഭീകൂപത്തിൽനിന്ന് കീർത്തി തങ്ങളുടെ കേളീമണ്ഡലമായ തടാകത്തിലെ നിർമ്മലജലം രുചിച്ചു. അടിവയറ്റിൽ ചുംബനങ്ങളാൽ ഇക്കിളി കൂട്ടി. അതിനു താഴെയുള്ള രോമരാജിയിൽ മുഖം അമർത്തി അവൾ പദ്മയുടെ മാദകഗന്ധം ഉച്ഛ്വസിച്ചു.

എന്നിട്ട് അവൾ പദ്മയുടെ പാദങ്ങളിലേക്കു നീങ്ങി. അവയിൽ കവിൾത്തടം ചേർത്തു. ചുംബിച്ചു. പുളകത്തരിപ്പിൽ പദ്മ കുടുകുടെ ചിരിക്കുകയായിരുന്നു. അവളുടെ കണങ്കാലുകളിൽ ഉമ്മ വെച്ച് തുടകളിലേക്കെത്തിയ കീർത്തി അവിടെ മെല്ലെ കടിച്ചും ഉമ്മ വെച്ചും പദ്മയെ മദനോത്കർഷം കൊള്ളിച്ചു. കാൽമുട്ടുകൾ മടക്കിപ്പിച്ച് അവളുടെ പിൻതുടകളിലും നിതംബമേദസ്സിലും കീർത്തി ചുംബിച്ചു. പദ്മയുടെ കാലുകൾ അകത്തി ഉൾത്തുടകളിലെ ലോലസ്ഥാനങ്ങളിൽ കീർത്തി ചൊടികൾ ചേർത്തപ്പോൾ അവൾ കോരിത്തരിച്ച് കുറുകി; അവളുടെ രതിപുഷ്പം നനഞ്ഞു കുതിർന്നു.

കീർത്തി ആ മന്മഥഗേഹത്തിന്റെ പടിവാതിൽക്കൽ എത്തി. അതിന്റെ ഇതളുകളിൽ അവൾ അർപ്പിച്ച ചുംബനങ്ങൾ പദ്മയുടെ ഉടലിൽ വിദ്യുല്ലതികകളായി പടർന്നു. കീർത്തിയുടെ നാവ് ആ ദളങ്ങൾക്കിടയിലെ മാംസളമായ ഇടനാഴിയിലൂടെ താഴെ നിന്ന് മുകളിലേക്ക് ഇഴഞ്ഞു നീങ്ങി; അതിന്റെ മുകൾത്തട്ടിൽ ഒളിച്ചിരിക്കുന്ന മുകുളത്തിന്റെ മൂടുപടം നീക്കി അതിന്മേൽ മൃദുവായി തഴുകി. ഉടലിലാകെ പൂത്തിരികൾ വിരിഞ്ഞതു പോലത്തെ ഹർഷപ്രവാഹം! പദ്മ പുളഞ്ഞു പോയി. ഭഗരന്ധ്രത്തിലും ഭൃസരിയിലും ആവർത്തിച്ചാവർത്തിച്ച് നക്കിയും ചുംബിച്ചും ഉറുഞ്ചിയും കീർത്തി അവളെ കൂടുതൽ കൂടുതൽ സുഖിപ്പിച്ചുകൊണ്ടേയിരുന്നു. പദ്മയുടെ ഗാത്രം ആമോദത്തിന്റെ തരംഗങ്ങളിൽ ആടിയുലയുന്ന പായ്‌വഞ്ചിയായി. അനുനിമിഷം വളർന്നുകൊണ്ടിരുന്ന ആ തിരമാലക്കൈകൾ ഒടുവിൽ അവളെ ആകാശത്തേക്ക് എടുത്തെറിഞ്ഞു. പദ്മയുടെ ബോധം മറഞ്ഞു. ശരീരം മുഴുക്കെ കോച്ചി വിറച്ചു. അവളുടെ നടുവ് വില്ലു പോലെ വളഞ്ഞ് ഉയർന്നു. പദ്മയുടെ മനസ്സ് രതിസുഖോന്മാദത്തിന്റെ ചുഴലിക്കാറ്റിൽ പെട്ട ഒരു തൂവലായി. ഒന്നല്ല, രണ്ടല്ല, അടുപ്പിച്ച് എത്രയെത്രയോ വട്ടം കീർത്തിയുടെ നാവ് അവളെ സുരതമൂർച്ഛയുടെ കൊടുമുടിയിൽ കൊണ്ടു ചെന്നു.

ഒടുവിൽ, പരിക്ഷീണിതയായി, കീർത്തിയെ തന്റെ മടിയിടുക്കിൽനിന്ന് പദ്മ തള്ളി മാറ്റി. അവളുടെ മുഖത്തെ ചിരിയിൽ സ്വർഗത്തിൽ പോയി മടങ്ങി വന്ന നിർവൃതി അലിഞ്ഞിരുന്നു. കീർത്തിയെ വലിച്ചുയർത്തി അവളുടെ ചൊടികളിൽ പദ്മ അഭിനിവേശത്തോടെ വീണ്ടും വീണ്ടും ചുംബിച്ചു; അവളുടെ ഉമിനീരിൽനിന്ന് തന്റെ തന്നെ യോനീസ്രവങ്ങളുടെ രുചി പദ്മ അറിഞ്ഞു.

അടുത്തതായി പ്രതികൃത്യം ചെയ്യാനുള്ള പദ്മയുടെ ഊഴമായിരുന്നു. കീർത്തി തന്നോട് എന്തെല്ലാം ചെയ്തോ അതെല്ലാം ഇരട്ടിയാക്കി അവൾ തിരികെ കൊടുത്തു. കീർത്തിയുടെ ഉടലിൽ അവൾ ചുംബിക്കാത്ത,

നക്കാത്ത, കടിക്കാത്ത ഒരിടം പോലും അവശേഷിച്ചില്ല. അവളുടെ യോനീദളങ്ങളും ഭഗശിശ്നികയും പദ്മയുടെ നാവിന്റെ സാമർത്ഥ്യം അനുഭവിച്ച് ഹർഷാതിരേകത്താൽ തുടിച്ചു.

കീർത്തിയുടെ യോനീനാളത്തിൽ പദ്മ തന്റെ ഒരു വിരൽ കടത്തിയപ്പോൾ അവളിൽനിന്ന് ഒരു ശീത്കാരം ഉയർന്നു.

“വേദനിച്ചോടാ?” പദ്മ ചോദിച്ചു.

“ഊഹും.” കീർത്തി നിഷേധാർഥത്തിൽ ശിരസ്സ് ചലിപ്പിച്ചു.

പതിയെപ്പതിയെ പദ്മയുടെ വിരൽ കീർത്തിയുടെ ഉള്ളിൽ കയറിയിറങ്ങി. ഒപ്പം അവൾ നക്കലും തുടർന്നു. പദ്മയുടെ വിരലിന്റെയും നാവിന്റെയും ചലനങ്ങൾക്ക് വേഗം ഏറിയേറി വരുന്നതിനോടൊപ്പം കീർത്തിയിൽനിന്ന് സുഖാനുഭൂതിയുടെ ഞരക്കങ്ങളും മൂളലുകളും കൊഞ്ചലുകളും കുറുകലുകളും തുടരെത്തുടരെ ഉതിർന്നു. അവളുടെ രതിമർമ്മത്തിൽ പദ്മ സ്പർശിച്ചു കാണണം; ശക്തമായ ഒരു വിറയലോടെ കീർത്തിയുടെ രതിമൂർച്ഛ ഉരുൾ പൊട്ടി. അവളുടെ കൃഷ്ണമണികൾ കീഴ്മേൽ മറിഞ്ഞു. രതിസുഖപാരമ്യത്തിൽ കീർത്തി സ്വയം മറന്ന് പിടഞ്ഞു, ഞെളിഞ്ഞു, പുളഞ്ഞു.

അവളുടെ ശരീരത്തിന്റെ പ്രതികരണം നൽകിയ ചാരിതാർഥ്യത്തോടെ പദ്മ വീണ്ടും വീണ്ടും വിരലിടലും നക്കലും തുടർന്ന് കീർത്തിയെ പല തവണ അവൾ തനിക്കു നൽകിയ അതേ സ്വർഗീയാനുഭൂതിയിൽ എത്തിച്ചു. വിരലും നാവും കീഴ്ത്താടിയും തളരുന്ന അവസ്ഥയിൽ എത്തിയിട്ടും അവൾ തുടർന്നു; കീർത്തി സ്വയം അവളെ പിടിച്ചു മാറ്റുന്നതു വരെ.

---

മദനലീലകൾ കഴിഞ്ഞ് പരസ്പരം ചുംബിച്ചും കൊഞ്ചിച്ചും ചിരിച്ചും തൊട്ടും പിടിച്ചും തലോടിയും കെട്ടിപ്പിടിച്ചും ആ കമിതാക്കൾ ഇരുവരും സുരതാനന്ദദീപ്തിയിൽ പരിസരം മറന്ന് ഇരിക്കുകയായിരുന്നു.

“എനിക്കൊരു കാര്യം പറയാനുണ്ട്.”

കീർത്തിയാണ് അതു പറഞ്ഞത്. അവളുടെ മുഖത്ത് ഗൗരവഭാവം.

“ഉം?”

“ഞാൻ കീർത്തിയല്ല.”

പദ്മ ഏതാനും നിമിഷങ്ങൾ മൗനമായി ഇരുന്നു.

“പിന്നെ?” മന്ത്രിക്കുന്നതു പോലെയാണ് അവളുടെ അധരങ്ങൾ ചലിച്ചത്.

“ഞാൻ വൃന്ദയാണ്. രാജകുമാരി വൃന്ദ.”

വീണ്ടും പദ്മ മൗനത്തിലാണ്ട് കീർത്തിയുടെ കണ്ണുകളിലേക്കു തന്നെ മിഴികൾ നട്ട് ഇരുന്നു. നിമിഷങ്ങൾ ഉച്ഛ്വാസനിശ്വാസങ്ങളുടെ ശബ്ദത്തോടെ കൊഴിഞ്ഞു വീണു.

ഒടുവിൽ അവൾ പൊട്ടിപ്പൊട്ടിച്ചിരിച്ചു.

“എടീ മണ്ടീ,” അന്തം വിട്ട് ഇരിക്കുന്ന കീർത്തിയെ — അല്ല! വൃന്ദയെ — നോക്കി ചിരിക്കുന്നതിനിടയിൽ അവൾ പറഞ്ഞു, “നിന്റെ കള്ളക്കളി എനിക്കു മനസ്സിലാവില്ലെന്നാണോ കരുതിയത്? അയ്യേ പറ്റിച്ചേ ... കള്ളക്കീർത്തിയുടെ കള്ളത്തരമെല്ലാം ഞാൻ പണ്ടേക്കു പണ്ടേ കണ്ടുപിടിച്ചേ ... .” പദ്മ എണീറ്റ് തുള്ളിച്ചാടി.

“ങേ?” വൃന്ദ ആശ്ചര്യപ്പെട്ടു.

അവളുടെ കൈവശമുള്ള അസ്ത്രങ്ങളിൽ സൂചിത്തലപ്പിനോളം ചെറിയ അക്ഷരങ്ങളിൽ കൊത്തിയിരുന്ന “വൃന്ദ” എന്ന പേര്. രാജകുമാരിയുടെ പക്കൽ മാത്രം ഉള്ളതെന്ന് നാട്ടിലെങ്ങും പ്രസിദ്ധമായ, വജ്രപാദൻ എന്നു പേരുള്ള, നെറ്റിയിൽ വെളുത്ത ചുട്ടിയുള്ള കറുത്ത കുതിര. അവളുടെ ആയോധനപാടവം. ഓരോന്നും എടുത്തു പറഞ്ഞ് പദ്മ അവളുടെ നുണക്കഥ എത്ര ദുർബലമായിരുന്നുവെന്ന് സ്ഥാപിച്ചപ്പോൾ ലജ്ജയോടെ കേട്ടുകൊണ്ടിരിക്കാനേ വൃന്ദയ്ക്ക് കഴിഞ്ഞുള്ളൂ.

“പാവം എന്റെ കുട്ടി!” എല്ലാം പറഞ്ഞു കഴിഞ്ഞ് പദ്മ വൃന്ദയുടെ അടുത്തിരുന്ന് അവളുടെ കീഴ്ത്താടിയിൽ പിടിച്ച് കൊഞ്ചിച്ചു. “നിന്റെ കള്ളത്തരം ഞാൻ കണ്ണുമടച്ച് വിശ്വസിച്ചെന്നു കരുതി, അല്ലേടീ കള്ളീ? പെരുങ്കള്ളീ?”

“ഇപ്പോൾ എന്നെക്കാൾ വലിയ കള്ളി നീയല്ലേ?” വൃന്ദ തിരിച്ചടിച്ചു, “ഒക്കെ അറിഞ്ഞിട്ടും അറിഞ്ഞ ഭാവം പോലും കാണിച്ചില്ലല്ലോ! അമ്പടീ ഭയങ്കരീ!”

“നീ എവിടെ വരെ പോകുമെന്ന് എനിക്കൊന്ന് അറിയണമായിരുന്നു.”

“എന്നിട്ട്?”

“കള്ളം പറഞ്ഞ് പാവം ഇടയത്തിപ്പെണ്ണിന്റെ കന്യകാത്വം വരെ കവർന്ന കള്ളിയാണ് ഈ നാട്ടിലെ രാജകുമാരിയെന്ന് ഞാൻ എല്ലാവരോടും പോയി പറയും.”

“ഓഹോ? അപ്പോൾ രാജകുമാരിയുടെ ആ പറഞ്ഞ സാധനം നീയും എടുത്തില്ലേ?”

“ഞാൻ പേരും വിലാസവും ഒന്നും മാറ്റിപ്പറഞ്ഞില്ലല്ലോ!”

അവരുടെ വിനോദകലഹം അങ്ങനെയങ്ങനെ നീണ്ടുനീണ്ടു പോയി ഒടുവിൽ ഒരു ഇക്കിളികൂട്ടൽ മത്സരത്തിൽ എത്തി അവസാനിച്ചു. അന്ന് നേരം സന്ധ്യയോട് അടുത്തപ്പോൾ മനസ്സില്ലാമനസ്സോടെ ആയിരുന്നു അവർ രണ്ടു പേരും വീണ്ടും വസ്ത്രങ്ങൾ എടുത്തു ധരിച്ചത്. അതിനെക്കാൾ വൈമനസ്യത്തോടെ ആയിരുന്നു പരസ്പരം നാളെ കാണാം എന്ന് യാത്രാമൊഴി ചൊല്ലി പിരിഞ്ഞതും.

# ഉത്തരാഖ്യാനം

വാനരരാജാവായ സുഗ്രീവന്റെ വിദ്വത്സദസ്സിലെ അംഗങ്ങളായ ദമ്പതിമാരായിരുന്ന വിവിത്സുവും ഛായയും. ശ്രീരാമന്റെ രാജ്യാഭിഷേകത്തിനു ശേഷം ഒരിക്കൽ കിഷ്കിന്ധ സന്ദർശിച്ച സീതാശ്രീരാമന്മാരോട് അവർ രണ്ടു വരങ്ങൾ വാങ്ങി: അടുത്ത ഏഴ് ജന്മങ്ങളിലും തങ്ങൾ ദമ്പതിമാരായിരിക്കണം എന്നും ഏഴാം ജന്മത്തിനു ശേഷം ബ്രഹ്മസായൂജ്യം ലഭിക്കണം എന്നും ആയിരുന്നു അവ.

വിവിത്സുവിന്റെ മൂന്നാമത്തെ ജന്മമായിരുന്നു ഗാന്ധാരദേശത്തിലുള്ള ഒരു വൈശ്യകുടുംബത്തിലെ അംശുമാൻ എന്ന ബാലൻ. അവന്റെ അയൽവക്കത്തുള്ള സമപ്രായക്കാർ ഏറെയും പെൺകുട്ടികൾ ആയിരുന്നു; അവരോടൊപ്പം കളിക്കുമ്പോൾ മുതിർന്നവരിൽ ചിലർ "നീയെന്താ ചെറുക്കാ, പെണ്ണാണോ?" എന്നു ചോദിച്ച് അവനെ കളിയാക്കും. താനും ഒരു പെൺകുട്ടിയായിരുന്നെങ്കിൽ അവർ കളിയാക്കില്ലായിരുന്നു എന്ന് അപ്പോഴൊക്കെ അവൻ ഓർക്കുമായിരുന്നു.

ഒരിക്കൽ അംശുമാന്റെ വീട്ടിൽ അച്ഛനമ്മമാർ ഇല്ലാതിരുന്ന സമയത്താണ് വസിഷ്ഠമഹർഷി അവിടേക്ക് എഴുന്നള്ളിയത്. അദ്ദേഹത്തെ ബാലൻ യഥാവിധി സ്വീകരിച്ച് ആദരിച്ചു; അർഘ്യപാദ്യാദി ഷോഡശോപചാരങ്ങളാൽ സത്കരിച്ചു. കേവലം എട്ടു വയസ്സ് മാത്രമുള്ള ആ ബാലന്റെ ആതിഥ്യത്തിൽ സംപ്രീതനായ വസിഷ്ഠൻ അവനോട് ഇഷ്ടമുള്ള വരം ചോദിച്ചു കൊള്ളുവാൻ പറഞ്ഞു. അംശുമാന് രണ്ടാമതൊന്ന് ആലോചിക്കാനില്ലായിരുന്നു.

"എനിക്ക് പെണ്ണാകണം!" അവൻ പറഞ്ഞു.

ഋഷിവര്യൻ തന്റെ വെളുത്തുനീണ്ട് സമൃദ്ധമായ താടിരോമങ്ങളെ ഇടംകയ്യാൽ ഉഴിഞ്ഞുകൊണ്ട് മന്ദഹസിച്ചു.

"ഇപ്പോൾത്തന്നെ വേണോ, അതോ അടുത്ത ജന്മത്തിൽ മതിയോ?" അദ്ദേഹം പ്രതിവചിച്ചു.

ആ ചോദ്യം കേട്ട് ബാലൻ ആശയക്കുഴപ്പത്തിലായി. എന്തെങ്കിലും കാരണമില്ലാതെ മഹർഷി അങ്ങനെ ചോദിക്കില്ലല്ലോ? അവൻ ചിന്തിച്ചു. ഇത്രയും കാലം ആൺകുട്ടിയായി ജീവിച്ചിട്ട് പെട്ടെന്ന് ഒരു ദിവസം പെണ്ണായി മാറിയാൽ എന്തെങ്കിലും കുഴപ്പമുണ്ടോ? അയ്യോ — ശരിയാണല്ലോ! അച്ഛനമ്മമാർ തിരിച്ചു വരുമ്പോൾ തനിക്കു പകരം ഒരു പെൺകുട്ടിയെ കണ്ടാൽ എങ്ങനെയിരിക്കും? അവരുടെ മകനായ അംശുമാൻ തന്നെയാണ് അവളെന്ന് ആ അവസ്ഥയിൽ താൻ അവരെ എങ്ങനെ ബോദ്ധ്യപ്പെടുത്തും? അവർ എത്തുമ്പോഴേക്കും മഹർഷി അദ്ദേഹത്തിന്റെ വഴിക്ക് പോകുമല്ലോ! നടന്ന കാര്യങ്ങൾക്ക് സാക്ഷ്യം പറയാനാണെങ്കിൽ ഇവിടെയിപ്പോൾ മറ്റാരുമില്ല താനും.

അവന്റെ ധർമ്മസങ്കടം വസിഷ്ഠന് മനസ്സിലായി.

"തീരുമാനിക്കാൻ പറ്റുന്നില്ല, അല്ലേ കുഞ്ഞേ? സാരമില്ല. അടുത്ത ജന്മം നീ ഒരു പെണ്ണായി പിറക്കാൻ ഞാൻ ഇതാ, അനുഗ്രഹിച്ചിരിക്കുന്നു."

---

ആ അംശുമാന്റെ പുനർജന്മമായിരുന്നു മാഗധത്തിലെ രാജകുമാരിയായ വൃന്ദ — വിവിത്സുവിന്റെ നാലാം ജന്മം. ഛായയുടെ നാലാം ജന്മമായിരുന്ന സുജാതയുടെയും പുരോവസുവിന്റെയും പുത്രിയായ പദ്മ എന്ന അജപാലിക. മഹർഷിമാരുടെയും ഈശ്വരാവതാരങ്ങളുടെയും അനുഗ്രഹങ്ങൾ ഒരിക്കലും നിഷ്ഫലമാകുന്നതല്ല; അതിനാൽ ഈ ജന്മത്തിലും അവർ ദമ്പതിമാർ ആയിത്തീരുക തന്നെ ചെയ്തു. കീർത്തിയുടെയും പദ്മയുടെയും മാതാപിതാക്കൾക്ക് അവരവരുടെ കുടുംബദേവതമാർ സ്വപ്നദർശനം നൽകി ഇരുവരുടെയും പൂർവചരിത്രം വെളിപ്പെടുത്തിയതിനെ തുടർന്ന് ആയിരുന്നു ഭാരതവർഷത്തിൽത്തന്നെ മുൻപെങ്ങും കേട്ടുകേൾവി പോലുമില്ലാത്തതായ ആ സ്വവർഗപരിണയം നടന്നത്.

---

ഉഗ്രകർമ്മാവിന്റെ ചിരഞ്ജീവിത്വഘോഷണം വെറും പൊങ്ങച്ചം മാത്രമായിരുന്നു എന്ന് കരുതപ്പെട്ടു. രാജഗുരുവായ ലീലാവതീദേവിയാണ് വൃന്ദ പറഞ്ഞ കഥയിൽനിന്ന് ശിഷ്ടം അനുമാനിച്ചത്. യഥാർഥത്തിൽ പണ്ട് അയാൾ കപികേതനത്തിൽ പോയത് നിധി കണ്ടെടുക്കാനല്ല, ചിരഞ്ജീവിത്വം നേടുന്നതിനായുള്ള ഒരു നരമേധയാഗം നടത്താൻ വേണ്ടി ആയിരുന്നിരിക്കണം. തെറ്റു പറ്റാതെയുള്ള അനുഷ്ഠാനത്തിന് ആവശ്യമായ കഠിനവ്രതനിഷ്ഠയും അതീവസൂക്ഷ്മതയും നിമിത്തം മനുഷ്യരാൽ ദുസ്സാദ്ധ്യമെന്നല്ല, അസാദ്ധ്യം തന്നെയെന്ന് അഥർവവേദപാരംഗതരായ മഹാമന്ത്രവാദികൾ പോലും വിധിയെഴുതിയ ഒരു യാഗം! സ്വാഭാവികമായും ആ ഉദ്യമം പിഴച്ചു. ഉഗ്രകർമ്മാവിന് സിദ്ധികൾ നഷ്ടമായി. എന്നാൽ ഭാഗികമായ ഫലം ലഭിക്കാതെയും ഇരുന്നില്ല; അതിനാലായിരുന്നു രണ്ടു കഷ്ണങ്ങളായിട്ടും അയാൾ ജീവനോടെയിരുന്നത്. പക്ഷേ ശിരസ്സ് അറുത്ത് അഗ്നിയിൽ ഹോമിച്ചാൽ തീരാത്ത ആയുർദൈർഘ്യമോ സിദ്ധികളോ ലോകത്തിൽ ഒരു മന്ത്രവാദിക്കും ഉണ്ടാവില്ല തന്നെ.

പിന്നീട് പടയാളികളെ അയച്ച് നടത്തിയ അന്വേഷണത്തിൽ കപികേതനത്തിലെ പഴയ ഹനുമാൻ ക്ഷേത്രത്തിനോടു ചേർന്നുള്ള മണ്ഡപങ്ങളിൽ ഒന്നിൽനിന്ന് നരബലിയുടെയും യാഗത്തിന്റെയും അടയാളങ്ങൾ കണ്ടെത്തുകയുണ്ടായതോടെ ആ അദ്ധ്യായം അടഞ്ഞതായി രാജകുടുംബവും ഉഗ്രകർമ്മാവിന്റെ അന്ത്യനിമിഷങ്ങളുടെ കഥയറിയുന്ന മറ്റുള്ളവരും വിശ്വസിച്ചു.

വൃന്ദയും പദ്മയും വിവാഹിതരായിക്കഴിഞ്ഞ് അഞ്ചു വർഷം പിന്നിട്ടപ്പോൾ വിക്രമസേനനും കുമുദ്വതീദേവിയും രാജ്യഭാരത്തിലെ താന്താങ്ങളുടെ ചുമതലകൾ മകൾക്കും മരുമകൾക്കും കൈമാറി. പദ്മ ഈ കാലയളവിന് ഇടയിൽ രാജ്യത്തെ ഏറ്റവും മികച്ചവരായ ഗുരുക്കളിൽനിന്ന് രാജ്യകാര്യങ്ങളിലും ഭരണനിർവഹണത്തിലും ആയോധനകലകളിലും പരിശീലനം നേടിയിരുന്നു. ബുദ്ധിസാമർഥ്യത്തിലും കർമ്മകുശലതയിലും തങ്ങളുടെ മുൻഗാമികളെക്കാൾ ഒട്ടും പിന്നിൽ അല്ലായിരുന്ന ആ രണ്ട് കനിഷ്ഠരാജ്ഞിമാരുടെ ഭരണത്തിൽ മാഗധദേശത്തിന്റെ കീർത്തി നാൾക്കുനാൾ വർദ്ധിച്ചു പോന്നു.

---

മിന്നലിന്റെയും ഇടിവെട്ടിന്റെയും കൊടുങ്കാറ്റിന്റെയും അകമ്പടിയോടെ പേമാരി തിമിർത്തു പെയ്യുന്ന ഒരു തുലാവർഷരാത്രി. മാഗധത്തിന്റെ വടക്കൻ അതിർത്തിപ്രദേശത്തെ കൊടുങ്കാട്ടിനുള്ളിൽ എവിടെയോ സ്ഥിതി ചെയ്യുന്ന ഒരു ജീർണിച്ച കോട്ടയുടെ ഉള്ളിലെ ഷഡ്കോണാകാരമായ ഒരു തളം. മേൽക്കൂരയിൽനിന്ന് ഒലിച്ചിറങ്ങുന്ന മഴവെള്ളം പണ്ടെങ്ങോ കെട്ടു പോയ ഒരു ഹോമകുണ്ഡത്തിന്റെ ഉള്ളിൽ കിടന്ന ഒരു തലയോട്ടിയുടെ മുകളിൽ ഇറ്റിറ്റു വീണു. അതിന്റെ കൺകുഴികളിൽ ഒന്നിലൂടെ ഒരു കരിനാഗം പുറത്തേക്ക് ഇഴഞ്ഞു. പെട്ടെന്നുണ്ടായ ഒരു മിന്നലിന്റെ ക്ഷണികപ്രകാശത്തിൽ ആ

കപാലത്തിന്റെ സ്ഥിരമായ പേച്ചിരി ഒരു ഭീതിദദൃശ്യമായി തെളിഞ്ഞണഞ്ഞു. തളത്തിന്റെ പ്രവേശനകവാടത്തിൽ നിൽക്കുകയായിരുന്ന കരിമ്പടം പുതച്ച ഒരു ആൾരൂപത്തിന്റെ മുഖത്ത് തേടി നടന്നതെന്തോ കണ്ടെത്തിയ ഭാവം! ആ മിന്നലിനെ പിൻതുടർന്ന് എത്തിയ ഇടിമുഴക്കത്തിനോടൊപ്പം അയാളുടെ പൈശാചികമായ അട്ടഹാസവും കോട്ടയുടെ ചുവരുകളിൽ തട്ടി പല മടങ്ങായി പ്രതിദ്ധ്വനിച്ചു.